LEADING CHRISTIAN MAGAZINE

# ആത്മാഭിഷേകം

2015 സെപ്റ്റംബർ വാല്യം 10 ലക്കം 8

## ന്യായ പ്രമാണം



"അവർ ദൈവത്തിന്റെ നീതി അറിയാതെ
സ്വന്ത നീതിസ്ഥാപിപ്പാൻ അന്വേഷിച്ചു കൊണ്ടു
ദൈവത്തിന്റെ നീതിക്കു കീഴ്പ്പെട്ടില്ല.
വിശ്വസിക്കുന്ന ഏവനും നീതി ലഭിപ്പാൻ
ക്രിസ്തു ന്യായപ്രമാണത്തിന്റെ അവസാനം ആകുന്നു".
(റോമർ 10:3,4)

In the beginning was the Word, and the Word was with God, and the Word was God.
He was in the beginning with God....

JESUS

For the law was given through Moses; grace and truth came through Jesus Christ.

Has not Moses given you the law? Yet not one of you keeps the law. Why are you trying to kill me?" "Very truly I tell you," Jesus answered,

He was with God in the beginning.

grace and truth came through Jesus Christ. "before Abraham was born, I am!"

Since they did not know the righteousness of God and sought to establish their own, they did not submit to God's righteousness. Christ is the culmination of the law so that there may be righteousness for everyone who believes.

# അടിസ്ഥാന ദൈവശാസ്ത്രം ഭാഗം-2

## FUNDAMENTAL KNOWLEDGE OF THEOLOGY Part-2

# അടിസ്ഥാന ദൈവശാസ്ത്രം
ഭാഗം-2

# Fundamental Knowledge of THEOLOGY
Part-2

## knowledge of the truth
## സത്യത്തിന്റെ പരിജ്ഞാനം

Apostle Devasia Mullakkara

### ബൈബിൾ വ്യഖ്യാനിച്ച് ഗ്രഹിക്കേണ്ട വിധം (Interpretation/Explanation)

അടിസ്ഥാന ദൈവശാസ്ത്രമാണല്ലൊ ആത്മാഭിഷേകത്തിന്റെ കഴിഞ്ഞ രണ്ടു മാസികകളിലായി എഴുതി പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്നത്. അടിസ്ഥാന ദൈവശാസ്ത്രത്തിലേക്കുള്ള ആമുഖങ്ങളായിരുന്നു അവ രണ്ടും. ഇപ്പോൾ എഴുതുന്നതും ആമുഖത്തിന്റെ മൂന്നാം ഭാഗമാണ്.

അടിസ്ഥാന ദൈവശാസ്ത്രത്തിൽ ദൈവശാസ്ത്രവും, ക്രിസ്തുശാസ്ത്രവും, പരിശുദ്ധാത്മശാസ്ത്രവുമാണ് പ്രധാനപ്പെട്ടവ. മനുഷ്യശാസ്ത്രവും, പാപശാസ്ത്രവും, രക്ഷാശാസ്ത്രവുമാണ് അടുത്ത ഒരു വിഭാഗം. ദൈവദൂതശാസ്ത്രവും സാത്താന്യശാസ്ത്രവും ആകൂടെ ചർച്ച ചെയ്യേണ്ടതു തന്നെ. സഭാശാസ്ത്രവും ബൈബിൾ ശാസ്ത്രവും പരസ്പരപൂരകങ്ങളാണ്. അന്ത്യകാലശാസ്ത്രം വളരെ ചർച്ച ചെയ്യേണ്ടതുതന്നെ.

ഈ പതിനൊന്ന് ശാസ്ത്ര ശാഖകൾക്കും വിഭാഗങ്ങളും ഉപവിഭാഗങ്ങളും അനവധിയുണ്ട്. എന്നാൽ ഇതെല്ലാം ഇനം തിരിച്ച് പഠിച്ചാലെ ഒരാൾ നിത്യതയിൽ എത്തു എന്നൊന്നുമില്ല. പരിശുദ്ധാത്മപൂർണ്ണനാകുവാൻ വിശദമായ പഠനം സഹായിക്കും എന്നു മാത്രം. കൃപയിൽ വളർന്നാൽ മാത്രമെ കൃപയുമായി ഇറങ്ങി ആത്മീയ കൊയ്ത്തു നടത്തുവാൻ കഴിയൂ. പത്രോസാദികൾ യാതൊരു ബൈബിൾ കോളേജിലും പഠിച്ചില്ല എന്ന് പറയുന്നവരുണ്ട്. മനുഷ്യനായി അവതരിച്ച ദൈവത്തിന്റെ കൂടെയാണ് മൂന്നരക്കൊല്ലം അവരുണ്ടായിരുന്നതെന്ന് ഈ പറയുന്നവർ മറന്നു പോകുന്നു. ബൈബിൾ രചയിതാവായ സത്യാത്മാവു തന്നെയാണ് അവരുടെ പ്രസംഗങ്ങളെയും പ്രാർത്ഥനകളെയും നയിച്ചിരുന്നത് എന്നും അപ്രകാരം പറയുന്നവർ മറന്നു പോകുന്നു. ശിഷ്യന്മാരുടെയുള്ളിൽ ദൈവം എപ്പോഴും വചനപരിജ്ഞാനവും സഭാപരിജ്ഞാനവും കൃപാപരിജ്ഞാനവും കൃപയാൽ നൽകിയിരുന്നു. നമ്മുടെയുള്ളിലും വചനപരിജ്ഞാനവും സഭാപരിജ്ഞാനവും കൃപാപരിജ്ഞാനവും ശുശ്രൂഷാപരിജ്ഞാനവും ലഭിക്കേണ്ടത് അത്യാവശ്യമാണ്. ഏതാനും നല്ല പ്രസംഗങ്ങളോ നല്ല ഗാനങ്ങളോ നല്ല ശുശ്രൂഷകളോ ചെയ്യുവാൻ നമുക്കു കഴിഞ്ഞാലും അഞ്ചോ പത്തൊ സഭകളെ നയിച്ചുകൊണ്ടു പോകുവാൻ കഴിഞ്ഞാലും അമ്പതൊ അഞ്ഞൂറൊ ആളുകൾക്ക് തെറ്റു പറ്റാത്ത ദർശനപ്രവചനങ്ങളോ രോഗസൗഖ്യങ്ങളോ നൽകുവാൻ കഴിഞ്ഞാലും താൻ മാത്രം അഭിഷിക്തനാണെന്നും മറ്റുള്ളവർക്കൊക്കെയും ഇനിയും അഭിഷേകത്തിന്റെ കുറവുണ്ടെന്ന് പറയുവാൻ ശ്രമിക്കുന്നത് മിതമായ ഭാഷയിൽ പറഞ്ഞാൽ അൽപ്പത്തമാണ്. ദൈവശാസ്ത്രം വേർതിരിച്ചറിയുന്നതും ആ അറിവിന്റെ നിറവിൽ നിന്ന് ബൈബിൾ വ്യാഖാനിക്കുന്നതും തെറ്റു പറ്റാത്ത പ്രാർത്ഥനാ ജീവിതത്തിനും ആത്മീയജീവിതത്തിനും അത്യന്താപേക്ഷിതമാണ്. അതിന് ഒന്നുകിൽ ബൈബിൾ കോളേജിൽ പോയി പഠിക്കണം, അല്ലെങ്കിൽ ബൈബിൾ


## എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ: ദേവസ്യാ മുല്ലക്കരസാർ
എഡിറ്റർ: പാ:ടോമിച്ചൻ വട്ടപ്പാറയിൽ
സർക്കുലേഷൻ മാനേജർ: പാ: ജോയിച്ചൻ
പാ: അബ്രാഹം, പാ: ജോർജ്ജ്, പാ:സോജൻ
പാ: യേശുദാസ്, പാ: മാത്യു, പാ: ജോണി
ആർട്ടിസ്റ്റ്: ജോസഫ് ഫ്രാൻസിസ്,
ഡി.റ്റി.പി: സ്നേഹ ജോയിച്ചൻ,
ഇംഗ്ലീഷ് പരിഭാഷ: സംഗീത ചെന്നൈ,
സ്റ്റിൽസ്: ജസ്റ്റിൻ തോമസ്,
ലേഔട്ട് & ഡിസൈൻ : ജീമോൻ

# അടിസ്ഥാന ദൈവശാസ്ത്രം

ഭാഗം-2

## knowledge of the truth
## സത്യത്തിന്റെ പരിജ്ഞാനം

വിജ്ഞാനം നൽകുന്നവരോടുകൂടിയുള്ള സഹവാസമൊ അവരുടെ രചനകൾ വായിച്ചുള്ള പഠനമൊ ആവശ്യമാണ്.

വചനസത്യങ്ങളെ സ്വീകരിക്കുവാൻ (Reception) ആവശ്യമായ ഹൃദയ വിശാലത നമുക്കുണ്ടായിരിക്കണം. വിശ്വാസമാണ് ഇതിനാധാരം. വചനത്തിൽ വിശ്വസിക്കുന്നവർക്കുവേണ്ടിയും വചനമനുസരിക്കുന്നവർക്കുവേണ്ടിയും ദൈവം നൽകുന്ന അളവറ്റ പരിശുദ്ധാത്മ ശക്തി ഒന്നു വേറെ തന്നെയാണ്.

അങ്ങനെ സ്വീകരിക്കുന്ന വചന സത്യങ്ങൾ വ്യാഖ്യാനിക്കുവാൻ (Interpretation/Explanation) കഴിയുമ്പോഴാണ് അത് പ്രസംഗമായും പഠിപ്പിക്കലായും മാറുന്നത്. പരിശുദ്ധാത്മാവിനാൽ പ്രേരിതമായി ദൈവവചനം വ്യാഖ്യാനിക്കുമ്പോഴാണ് കേൾവിക്കാർക്കും പഠിതാക്കൾക്കും മാനസാന്തരവും വീണ്ടും ജനനവും പ്രാപിക്കേണ്ടതിന്റെ പ്രസക്തി മനസ്സിലാവൂ.

വചനം വായിക്കുമ്പോഴും കേൾക്കുമ്പോഴും പഠിക്കുമ്പോഴും അവയെഴുതുമ്പോൾ പരിശുദ്ധാത്മാവ് ഉദ്ദേശിച്ച അർത്ഥം നമ്മുടെയുള്ളിൽ പ്രകാശിച്ച് (Illumination) കിട്ടും. ഈ പ്രകാശിക്കൽ കൂടാതെയുള്ള തിരുവചനപ്രസംഗവും ശുശ്രൂഷകളും ദൈവീകമല്ല. കാലങ്ങൾ ഏറെയായിട്ടും ഈ പ്രകാശം ലഭിക്കാത്തവർ പിൻമാറ്റത്തിലാവുകയോ പിൻമാറി പോയവരുടെ ഗ്രൂപ്പിന് നേതൃത്വം കൊടുക്കുകയോ ചെയ്തു പോകുന്നു.

ദൈവീകവെളിപ്പാടുകളെ തെറ്റുകൂടാതെ പറയുവാനും എഴുതുവാനും കഴിയുന്നത് ആ വചനങ്ങൾ ദൈവശ്വാസീയ (Inspiration) മായതിനാലാണ്. "എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവർത്തിക്കും വക പ്രാപിച്ച് തികഞ്ഞവനാകേണ്ടതിന് ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളതാകുന്നു" (2 തിമോ.3:16,17). "തിരുവെഴുത്തിലെ പ്രവചനമൊന്നും സ്വയമായ വ്യഖ്യാനത്താൽ ഉളവാകുന്നതല്ല എന്ന് ആദ്യം തന്നെ അറിഞ്ഞുകൊള്ളേണം. പ്രവചനമൊരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല, ദൈവകല്പനയാൽ മനുഷ്യൻ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ട് സംസാരിച്ചതത്രെ" (2 പത്രൊ.1:20,21).

തിരുവെഴുത്തുകളെല്ലാം ഒരർത്ഥത്തിൽ വെളിപ്പാടുകൾ തന്നെയാണ്. തിരുവെഴുത്തുകൾ പരിശുദ്ധാത്മനിയോഗം പ്രാപിച്ച് വ്യാഖ്യാനിക്കുമ്പോൾ അതിൽ നിന്നും അനേകം വെളിപ്പാടുകൾ (Revelations) ഉണ്ടാകും. അപ്പോഴാണ് മർമ്മങ്ങളെന്നോ രഹസ്യങ്ങളെന്നോ പറയാവുന്ന ഈ ദൈവീകവെളിപ്പാടുകളാൽ ഹൃദയത്തിൽ **"തീ"** കത്തുന്നത്. പ്രസ്തുത തീയോട് ചേർത്ത് സുവിശേഷം കൊടുത്താൽ കേൾക്കുന്നവർക്ക് അടിസ്ഥാന മാനസാന്തരമുണ്ടാകുകയും രോഗദു:ഖങ്ങൾ മാറിപ്പോകുകയും ചെയ്യും.

യേശുക്രിസ്തു ലോകത്തിലേക്കു വരുന്നതിനു മുമ്പുള്ള രക്ഷാകരനിയമത്തെ പഴയനിയമമെന്നും (BC) യേശുക്രിസ്തു ലോകത്തിലേക്കു വന്നതിനുശേഷമുള്ള രക്ഷാകരനിയമത്തെ പുതിയനിയമമെന്നും വിളിക്കുന്നു. ഈ ആദ്യനിയമവും പൂർണ്ണനിയമമായ പുതിയനിയമവും പഠിക്കുന്നത് നമ്മെ പരിശുദ്ധാത്മപൂർണ്ണതയിലേക്കും സമ്പൂർണ്ണ വിശ്വാസത്തിലേക്കും ഏറ്റവുമൊടുവിൽ നിത്യതയിലേക്കും നയിക്കും. ഇതിനു സഹായകരമായ വിധത്തിൽ 69-ാം സങ്കീർത്തനത്തെ ഉദ്ധരിക്കുകയും വ്യഖ്യാനിക്കുകയും ചെയ്യാം.

**സങ്കീർത്തനം 69**

## ഉള്ളടക്കം


- സത്യത്തിന്റെ പരിജ്ഞാനം 2–15
- 5 വർഷങ്ങൾക്കു ശേഷം കുഞ്ഞിനെ കിട്ടി
- ആരാധനാ കേന്ദ്രങ്ങൾ 16 – 20
- സത്യത്തിന്റെ പരിജ്ഞാനം 21 – 33
- 3 വർഷമായ മോണരോഗം സുഖപ്പെട്ടു 31
- കർത്താവ് നൽകിയ സൗഖ്യം 33
- വാർത്തകൾ 34
- പ്രോഗ്രാം ചാർട്ട് 35

# അടിസ്ഥാന ദൈവശാസ്ത്രം

ഭാഗം-2

## knowledge of the truth
## സത്യത്തിന്റെ പരിജ്ഞാനം

1. ദൈവമെ, എന്നെ രക്ഷിക്കണമെ;
വെള്ളം എന്റെ പ്രാണനോളം എത്തിയിരിക്കുന്നു

2. ഞാൻ നിലയില്ലാത്ത ആഴമുള്ള ചേറ്റിൽ താഴുന്നു;
ആഴമുള്ള വെള്ളത്തിൽ ഞാൻ മുങ്ങിത്താഴുന്നു.
പ്രവാഹങ്ങൾ എന്നെ കവിഞ്ഞൊഴുകുന്നു;

3. എന്റെ നിലവിളിയാൽ ഞാൻ തളർന്നിരിക്കുന്നു;
എന്റെ തൊണ്ട ഉണങ്ങിയിരിക്കുന്നു;
ഞാൻ എന്റെ ദൈവത്തെ പ്രതീക്ഷിച്ചു എന്റെ കണ്ണ് മങ്ങിപ്പോകുന്നു.;

4. കാരണം കൂടാതെ എന്നെ പകയ്ക്കുന്നവർ എന്റെ തലയിലെ രോമത്തിലും അധികമാകുന്നു;
വൃഥാ എനിക്കു ശത്രുക്കളായി എന്നെ സംഹരിപ്പാൻ ഭാവിക്കുന്നവർ പെരുകിയിരിക്കുന്നു;
ഞാൻ കവർച്ച ചെയ്യാത്തത് തിരികെ കൊടുക്കേണ്ടി വരുന്നു;

5. ദൈവമെ, നീ എന്റെ ഭോഷത്തമറിയുന്നു.
എന്റെ അകൃത്യങ്ങൾ നിനക്കു മറവായിരിക്കുന്നില്ല;

6. സൈന്യങ്ങളുടെ യഹോവയായ കർത്താവെ നിങ്കൽ പ്രത്യാശവയ്ക്കുന്നവർ എന്റെ നിമിത്തം ലജ്ജിച്ചുപോകരുതെ; ഇസ്രായേലിന്റെ ദൈവമെ നിന്നെ അന്വേഷിക്കുന്നവർ എന്റെ നിമിത്തം നാണിച്ചുപോകരുതെ;

7. നിന്റെ നിമിത്തം ഞാൻ നിന്ദ വഹിച്ചു. ലജ്ജ എന്റെ മുഖത്തെ മൂടിയിരിക്കുന്നു.

8. എന്റെ സഹോദരൻമാർക്ക് ഞാൻ പരദേശിയും എന്റെ അമ്മയുടെ മക്കൾക്ക് അന്യനുമായിത്തീർന്നിരിക്കുന്നു.

9. നിന്റെ ആലയത്തേക്കുറിച്ചുള്ള എരിവ് എന്നെ തിന്നുകളഞ്ഞു; നിന്നെ നിന്ദിക്കുന്നവരുടെ നിന്ദ എന്റെ മേൽ വീണിരിക്കുന്നു;

10. ഞാൻ കരഞ്ഞ് ഉപവാസത്താൽ ആത്മതപനം ചെയ്തു. അതും എനിക്കു നിന്ദയായിത്തീർന്നു.

11. ഞാൻ രട്ടുശീല എന്റെ ഉടുപ്പാക്കി; ഞാൻ അവർക്ക് പഴഞ്ചൊല്ലായിത്തീർന്നു.

12. പട്ടണവാതിൽക്കൽ ഇരിക്കുന്നവർ എന്നെക്കുറിച്ച് സല്ലാപിക്കുന്നു. ഞാൻ മദ്യപന്മാരുടെ പാട്ടായിരിക്കുന്നു.

13. ഞാനൊ യഹോവെ പ്രസാദകാലത്ത് നിന്നോടു പ്രാർത്ഥിക്കുന്നു. ദൈവമെ നിന്റെ ദയയുടെ ബഹുത്വത്താൽ നിന്റെ രക്ഷാ വിശ്വസ്തതയാൽ തന്നെ എനിക്കുത്തരമരുളണമെ.

14. ചേറ്റിൽ നിന്ന് എന്നെ കയറ്റേണമെ; ഞാൻ താണു പോകരുതെ; എന്നെ പകയ്ക്കുന്നവരുടെ കയ്യിൽ നിന്നും ആഴമുള്ള വെള്ളത്തിൽ നിന്നും എന്നെ വിടുവിക്കേണമെ.

15. ജലപ്രവാഹം എന്റെ മീതെ കവിയരുതെ; ആഴം എന്നെ വിഴുങ്ങരുതെ; കുഴി എന്നെ അടച്ചുകൊള്ളുകയുമരുതേ;

16. യഹോവെ, എനിക്കുത്തരമരുളേണമെ. നിന്റെ ദയ നല്ലതല്ലോ; നിന്റെ കരുണയുടെ ബഹുത്വപ്രകാരം എങ്കലേക്കു തിരിയണമെ.

17. അടിയനു തിരുമുഖം മറയ്ക്കരുതെ. ഞാൻ കഷ്ടത്തിലിരിക്കയാൽ വേഗത്തിൽ എനിക്കുത്തരമരുളമെ;

18. എന്റെ പ്രാണനോട് അടുത്തു വന്ന് അതിനെ വീണ്ടുകൊള്ളേണമെ; എന്റെ ശത്രുക്കൾ നിമിത്തം എന്നെ വീണ്ടെടുക്കേണമെ;

19. എനിക്കുള്ള നിന്ദയും ലജ്ജയും അപമാനവും നീ അറിയുന്നു; എന്റെ വൈരികളെല്ലാവരും നിന്റെ ദൃഷ്ടിയിലിരിക്കുന്നു;

20. നിന്ദ എന്റെ ഹൃദയത്തെ തകർത്തു, ഞാൻ ഏറ്റവും വിഷാദിച്ചിരിക്കുന്നു; വല്ലവനും സഹതാപം തോന്നുമോ എന്ന് ഞാൻ നോക്കിക്കൊണ്ടിരിക്കുന്നു; ആർക്കും തോന്നിയില്ല, ആശ്വസിപ്പിക്കുന്നവരുണ്ടോ എന്ന് നോക്കിക്കൊണ്ടിരിക്കുന്നു; ആരെയും കണ്ടില്ല താനും.

21. അവർ എനിക്കു തിന്നുവാൻ കയ്പു തന്നു. എന്റെ ദാഹത്തിന് അവർ എനിക്കു കുടിക്കുവാൻ ചൊറുക്ക തന്നു.

22. അവരുടെ മേശ അവരുടെ മുമ്പിൽ കെണിയായും അവർ സുഖത്തോടെയിരിക്കുമ്പോൾ കുടുക്കായും തീരട്ടെ.

23. അവരുടെ കണ്ണ് കാണാതെവണ്ണം ഇരുണ്ടുപോകട്ടെ അവരുടെ അര എപ്പോഴും ആടുമാറാക്കേണമെ;

24. നിന്റെ ക്രോധം അവരുടെ മേൽ പകരേണമെ; നിന്റെ ഉഗ്രകോപം അവരെ പിടിക്കുമാറാകട്ടെ.

25. അവരുടെ വാസസ്ഥലം ശൂന്യമായിപ്പോകട്ടെ; അവരുടെ കൂടാരങ്ങളിൽ ആരും പാർക്കാതെയിരിക്കട്ടെ; 26. നീ ദണ്ഡിപ്പിച്ചവനെ അവർ ഉപദ്രവിക്കുന്നു; നീ മുറിവേൽപ്പിച്ചവരുടെ വേദനയെ അവർ വിവരിക്കുന്നു. 27. അവരുടെ അകൃത്യത്തോട് അകൃത്യം കൂട്ടേണമെ; നിന്റ നീതിയെ അവർ പ്രാപിക്കരുതേ;

28. ജീവന്റെ പുസ്തകത്തിൽ നിന്ന് അവരെ മായ്ച്ചുകളയേണമെ. നീതിമാൻമാരുടെ കൂടെ അവരെ എഴുതരുതേ;

29. ഞാനൊ എളിവനും ദു:ഖിതനുമാകുന്നു. ദൈവമെ നിന്റെ രക്ഷ എന്നെ ഉയർത്തുമാറാകട്ടെ.

30. ഞാൻ പാട്ടോടെ ദൈവത്തിന്റെ നാമത്തെ സ്തുതിക്കും. സ്തോത്ര




ത്തോടെ അവനെ മഹത്വപ്പെടുത്തും;

31. അത് യഹോവക്ക് കാളയേക്കാളും കൊമ്പും കുളമ്പും ഉള്ള മൂരിയേക്കാളും പ്രസാദകരമാകും.

32. സൗമ്യതയുള്ളവർ അതു കണ്ട് സന്തോഷിക്കും; ദൈവത്തെ അന്വേഷിക്കുന്നവരെ നിങ്ങളുടെ ഹൃദയം ജീവിക്കട്ടെ.

33. യഹോവ ദരിദ്രന്മാരുടെ പ്രാർത്ഥന കേൾക്കുന്നു; തന്റെ ബദ്ധന്മാരെ നിന്ദിക്കുന്നുമില്ല;

34. ആകാശവും ഭൂമിയും സമുദ്രങ്ങളും അവയിൽ ചലിക്കുന്ന സകലവും അവനെ സ്തുതിക്കട്ടെ;

35. ദൈവം സീയോനെ രക്ഷിക്കും; അവൻ യഹൂദാ നഗരങ്ങളെ പണിയും; അവർ അവിടെ പാർത്ത് അതിനെ കൈവശമാക്കും;

36. അവന്റെ ദാസന്മാരുടെ സന്തതി അതിനെ അവകാശമാക്കും; അവന്റെ നാമത്തെ സ്നേഹിക്കുന്നവർ അതിൽ വസിക്കും.

69-ാം സങ്കീർത്തനം മിശിഹാ സങ്കീർത്തനം എന്നറിയപ്പെടുന്നു. സാൽമോയി എന്ന ഗ്രീക്കുവാക്കിന് പാട്ടുകൾ എന്നാണർത്ഥം. ഈ നാമപദത്തിൽ നിന്നാണ് (Psalms - പ്-സാംസ്) എന്ന ഇംഗ്ലീഷ്പദം ഉണ്ടായത്. എഫേസ്യലേഖനം 5:19,20-ൽ "ആത്മാവു നിറഞ്ഞവരായി സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീയഗീതങ്ങളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയത്തിൽ പാടിയും കീർത്തനം ചെയ്തും നമ്മുടെ കർത്താവായ യേശുക്രിസ്തുവന്റെ നാമത്തിൽ ദൈവവും പിതാവുമായവന് എല്ലായ്പ്പോഴും എല്ലാറ്റിനും വേണ്ടിയും സ്തോത്രം ചെയ്തുകൊൾവിൻ" എന്നു നാം പുതിയനിയമത്തിൽ വായിക്കുന്നുവല്ലോ. കൊളോസ്യർ 3:16-ൽ "സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീകഗീതങ്ങളാലും തമ്മിൽ പഠിപ്പിച്ചും ബുദ്ധിയുപദേശിച്ചും നന്ദിയോടെ നിങ്ങളുടെ ഹൃദയങ്ങളിൽ ദൈവത്തിനു പാടിയും ഇങ്ങനെ ക്രിസ്തുവിന്റെ വചനം ഐശ്വര്യമായി സകല ജ്ഞാനത്തോടും കൂടെ നിങ്ങളിൽ വസിക്കട്ടെ" എന്നും നാം വായിക്കുന്നു. 1 കൊറി 14:26-ൽ "ആകയാൽ എന്ത് ? സഹോദരന്മാരെ നിങ്ങൾ കൂടി വരുമ്പോൾ ഓരോരുത്തനും സങ്കീർത്തനമുണ്ട്, ഉപദേശമുണ്ട്. വെളിപ്പാടുണ്ട്, അന്യഭാഷയുണ്ട്, വ്യാഖ്യാനമുണ്ട്; സകലതും ആത്മീയവർദ്ധനക്കായി ഉതകട്ടെ". അപ്പൊസ്തലപ്രവർത്തനങ്ങളിൽ തന്നെ 1-ന്റെ 20-ലും 13-ന്റെ 33-ലും സങ്കീർത്തനപുസ്തക പരാമർശങ്ങളുണ്ട്. ലൂക്കോസിന്റെ 20-ൽ 42,43,44 വാക്യങ്ങൾ ഇങ്ങനെയാണ് - "കർത്താവ് എന്റെ കർത്താവിനോട്: ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠമാക്കുവോളം എന്റെ വലതുഭാഗത്ത് ഇരിക്ക എന്നരുളിച്ചെയ്തു" (സങ്കീ.110:1) എന്നു സങ്കീർത്തനപുസ്തകത്തിൽ ദാവീദു തന്നെ പറയുന്നുവല്ലോ. ദാവീദ് അവനെ കർത്താവ് എന്ന് വിളിക്കുന്നു. പിന്നെ അവന്റെ പുത്രൻ ആകുന്നതെങ്ങനെയെന്ന് ചോദിച്ചു. യോഹ.15:25-ൽ "അവർ വെറുതെ എന്നെ പകച്ചു" (സംഖ്യ.35:19, 69:4) എന്ന് അവരുടെ ന്യായപ്രമാണത്തിൽ എഴുതിയിരിക്കുന്ന വചനം നിവൃത്തിയാകേണ്ടതിനു തന്നെ. അതുപോലെ തന്നെ സങ്കീർത്തനത്തിൽ നിന്നുള്ള ഉദ്ധരണി യോഹ.2:17-ലും കാണുന്നു. "അവിടുത്തെ ആലയത്തെക്കുറിച്ചുള്ള തീക്ഷ്ണത എന്നെ വിഴുങ്ങിക്കളഞ്ഞു" എന്ന് എഴുതിയിരിക്കുന്നത് 69-ാം സങ്കീർത്തനം 9-ാം വാക്യത്തിൽ നിന്നുമാണ്. റോമ.15:3-ലും മത്താ.27:34-ലും മർക്കോ.15:25-ലും ലൂക്കോ.12:36-ലും റോമ.11:9-ലും യോഹ.19:28,30-ലും സങ്കീർത്തനങ്ങളിൽ നിന്നുള്ള പുതിയനിയമ ഉദ്ധരണികൾ നമുക്കു കാണാം.

വേർപാടും വിശുദ്ധിയുമെടുത്ത് ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിക്കുന്ന സഭകളിലെ വിദ്യാർത്ഥികളും മുതിർന്നവരും സങ്കീർത്തനവാക്യങ്ങൾ ഉദ്ധരിക്കുമ്പോൾ പുതിയനിയമത്തിന്റെ നിഴലാണ് പഴയനിയമമെന്നും പൊരുളായ പുതിയനിയമത്തിനാണ് പ്രാധാന്യമെന്നും സത്യദൈവമായ ക്രിസ്തുവിലേക്ക് പൂർണ്ണ മാനസാന്തരത്തോടെ ബൈബിൾ ഉദ്ധരിണികൾ ഉയർത്തുന്നതിൽ നാം എത്തുന്നില്ലെങ്കിൽ ആ സമയമെല്ലാം വൃഥാവിലാവുകയാണെന്ന് എത്ര പേർ തിരിച്ചറിയുന്നു ! ഏതൊരു സഭാ മീറ്റിംഗ് തുടങ്ങുമ്പോഴും വിശ്വാസികളും മൂപ്പന്മാരും സങ്കീർത്തനങ്ങൾ ഉദ്ധരിക്കാറുണ്ട്. ഏതൊരു പ്രാർത്ഥന തുടങ്ങുമ്പോഴും എൻ മനമെ യഹോവയെ വാഴ്ത്തുവിൻ എന്നു തുടങ്ങി സങ്കീർത്തനങ്ങളിൽ നിന്നും ഉദ്ധരിക്കാറുണ്ട്. ഇങ്ങനെ ചെയ്യുന്നത് ആത്മീയതയുടെ ഒരു മുഖമുദ്രയാണെന്ന് അവരെ പഠിപ്പിക്കുന്നവർ വിചാരിക്കുന്നു. അത് ശരിയുമാണ്. എന്നാൽ ഓരോ സങ്കീർത്തനവചനങ്ങളിലും പൊരുളായിട്ടുള്ള ക്രിസ്തു ദർശനവും പരിശുദ്ധാത്മനിവേശനവും കൂടി അവർ അറിയണമെന്നു മാത്രം. 69-ാം സങ്കീർത്തനത്തെ 18 വാക്യങ്ങൾ വീതമുള്ള രണ്ട് ഭാഗങ്ങളായി തിരിക്കാം. പിന്നെയും ആ രണ്ട് ഭാഗങ്ങളെ സൗകര്യത്തിനുവേണ്ടി 9 വീതമുള്ള ഈരണ്ട് ഭാഗമായി വീണ്ടും തിരിക്കാം. ആദ്യത്തെ 9 വാക്യങ്ങൾ ഉദ്ധരിക്കട്ടെ. ദൈവമെ

# അടിസ്ഥാന ദൈവശാസ്ത്രം

ഭാഗം-2

## knowledge of the truth
## സത്യത്തിന്റെ പരിജ്ഞാനം

എന്നെ രക്ഷിക്കണമെ..................നിന്റെ ആലയത്തെക്കുറിച്ചുള്ള എരിവ് എന്നെ തിന്നുകളഞ്ഞു. ഈ തിരുവെഴുത്തുകൾ ദാവീദിനെപ്പറ്റി ദാവീദ് പറഞ്ഞതാണ്. ആ വാകൃങ്ങളിലെല്ലാം ദാവീദുപുത്രനായ ക്രിസ്തു നിറഞ്ഞുനിൽക്കുന്നു. അതിന്റെ ആശയങ്ങൾ ചർച്ച ചെയ്യുമ്പോൾ ഇവ വായിക്കുന്നവരും പഠിക്കുന്നവരുമെല്ലാം അതിൽ ജ്വലിച്ചുനിൽക്കുന്നു.

ഈ സങ്കീർത്തനഭാഗത്തെ പ്രധാന വ്യക്തി യേശുവാണ്. യേശുവിൽ ദാവീദും പ്രാർത്ഥിക്കുന്ന മനുഷ്യനും ലയിച്ചുനിൽക്കുന്നു. 1-ാം വാക്യത്തിൽ ദൈവത്തോട് ഇവർ മൂന്നുപേരും (യേശു ക്രിസ്തുവും, ദാവീദും, ഞാനും/നീയും) രക്ഷിക്കണമെ എന്നു പറയുകയാണ്. ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങൾ പ്രവ ചനഭാഷയിൽ നാം ദർശിക്കുകയാണ്. ക്രൂശിലെ ന്യായവിധിയുടെ വേദനയുടെ കുത്തൊഴുക്കിൽ മശിഹാ മുങ്ങിത്താഴു കയാണ്. ദാവീദിന്റെയും ജീവിതത്തിൽ പാപാന്ധകാരത്തിലൂടെ ദീർഘനാൾ കട ന്നുപോയി. ദാവീദും നിലയില്ലാത്ത ആഴ മുള്ള ചേറ്റിൽ താഴുകയാണ്. ചേറ്റിൽ താഴ്ന്നാൽ നീന്തി രക്ഷപ്പെടുവാൻ കഴി യുകയില്ലല്ലോ. നീന്താൻ ശ്രമിക്കു ന്തോറും ശ്രമിക്കുന്തോറും വീണ്ടും വീണ്ടും താഴുകയേയുള്ളു. എന്നെ രക്ഷി ക്കണമെ, എന്തുകൊണ്ട് എന്തുകൊണ്ട് എന്നെ ഉപേക്ഷിച്ചു എന്ന ചോദ്യവുമായി യേശു ക്രൂശിൽ കിടന്നു നിലവിളിച്ചു. അത് യേശുവിന്റെ മശിഹാത്വമല്ലായിരു ന്നു. മശിഹാത്വം ഒരിക്കലും മരിക്കുകയി ല്ലല്ലോ. ഇവിടെ യേശു നിലവിളിക്കുന്നത് ദു:ഖംകൊണ്ടാണ്. പാപംകൊണ്ടല്ല. പാപം അവനിൽ ഇല്ലല്ലോ. സ്വസഹോദ രങ്ങളും ശിഷ്യന്മാരും ഉപേക്ഷിക്കുകയും ഒറ്റിക്കൊടുക്കുകയും മാനസാന്തരപ്പെടാ തിരിക്കുകയും ചെയ്യുന്നതു കണ്ടപ്പോൾ ഉണ്ടാകുന്ന ദു:ഖം. ഇരുവശത്തും ക്രൂശി ക്കപ്പെടാൻ കിടന്ന കള്ളന്മാരിൽ ഒരുവൻ തന്നെത്തന്നെ രക്ഷിക്കാൻ കഴിവില്ലാത്ത വൻ എന്നു പറഞ്ഞതും (ലൂക്ക.23:39) നമുക്കിതിനോട് ചേർത്ത് ചിന്തിക്കാം.

ജനകോടികളെ മരണത്തിൽ നിന്ന് രക്ഷിപ്പാൻ കഴിയുന്നവൻ ആണ് യേശുവെങ്കിലും ശത്രുക്കളിൽ നിന്ന് ഒരു ജനസമൂഹത്തെ മുഴുവൻ രക്ഷിക്കുവാൻ കഴിയുന്നവനാണ് ദാവീദുരാജാവെ ങ്കിലും, നമുക്കും പല വിധത്തിലും പല രെയും രക്ഷിക്കുവാൻ പലവിധ കഴിവു ള്ളവരെങ്കിലും 69-ാം സങ്കീർത്ത നത്തിലെ 1-ഉം 2-ഉം വാക്യങ്ങളിൽ പറ യുന്നതുപോലെ ദൈവത്തോട് രക്ഷിക്ക ണമെ എന്ന് പ്രാർത്ഥിക്കുന്നു. ആഴമുള്ള ജലപ്രവാഹത്തിൽ മുങ്ങിപ്പോയ ഒരാൾക്ക് രക്ഷപ്പെടുവാൻ കഴിയാത്ത തുപോലെ ദാവീദിന്റെ കഴിഞ്ഞകാല ജീ വിതസംഭവങ്ങൾ അവനെ സമൃദ്ധമായി കരയിപ്പിക്കുകയാണ്. ഉത്തമഗീതങ്ങൾ 8:7-ൽ "വളരെ വെള്ളങ്ങൾ ആ സ്നേഹത്തെ കെടുത്തുകളയുകയില്ല. പ്രവാഹങ്ങൾ അത് മുക്കിക്കളയുകയുമി ല്ല" എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. യിര മ്യാവിന്റെ 38:6-ൽ "യിരെമ്യാവു ചെളി യിൽ താണു" എന്നു നാം വായിക്കുന്നു. ഇയ്യോബും 30:19-ൽ "അവൻ എന്നെ ചെളിയിൽ ഇട്ടിരിക്കുന്നു" എന്നു വായി ക്കുമ്പോൾ 41:30-ൽ "അത് ചെളിമേൽ പല്ലിത്തടിപോലെ വലിയുന്നു" എന്നും വായിക്കുന്നു.

ലൂക്ക.12:50-ൽ "എനിക്കൊരു



എന്റെ പേര് വിപിൻകുമാർ. ഭാര്യയുടെ പേര് മെർലിൻ. ഞങ്ങൾക്ക് വിവാഹംകഴിഞ്ഞ് 5 വർഷങ്ങളായി കുഞ്ഞുങ്ങളില്ലായിരുന്നു. ഗർഭപാത്ര ത്തിന് കട്ടി കുറവായതുകൊണ്ട് കുഞ്ഞുങ്ങളുണ്ടാകാൻ ബുദ്ധിമുട്ടാ ണെന്ന് ഡോക്ടർ പറഞ്ഞിരുന്നു. ധാരാളം ചികിത്സകളും കഴിഞ്ഞു. മൂന്നു പ്രാവശ്യം ഗർഭം ധരിച്ചിരുന്നു വെങ്കിലും എല്ലാം അബോർഷനായി പ്പോയി. മൂന്നാമത്തെ പ്രാവശ്യം മൂന്നു കുഞ്ഞുങ്ങളായിരുന്നു ഉണ്ടായിരുന്ന ത്. ഞങ്ങൾ വളരെ നിരാശയിലായി പ്പോയിരുന്നു. അങ്ങനെയിരിക്കെ 2010 -ൽ പ്രശസ്ത വചനപ്രഘോഷകനായ ദേവസ്യാ മുല്ലക്കരസാറിനെക്കൊണ്ട് പ്രാർത്ഥിപ്പിച്ചു. ദൈവത്തിന്റെ ആത്മാവ് സാറിലൂടെ സംസാരിച്ചു. കർത്താവ് അനുഗ്രഹിച്ചെന്നും ഗർഭപാ ത്രത്തിന്റെ തകരാറുകളൊക്കെ മാറി യെന്നും നിങ്ങൾക്ക് ഇനി കുഞ്ഞുങ്ങ ളൊക്കെയുണ്ടാകുമെന്നും പറഞ്ഞു. യേശുവിലൂടെയുള്ള രക്ഷയിൽ വിശ്വ സിക്കുക എന്നും പറഞ്ഞു. ഞങ്ങള ങ്ങനെ വിശ്വസിക്കുവാനും പ്രാർത്ഥി ക്കുവാനും തുടങ്ങിയത് ഞങ്ങളുടെ ജീവിതത്തിന് വഴിത്തിരിവായി. 2011-ൽ ആദ്യത്തെ കുഞ്ഞിനെയും 2014-ൽ രണ്ടാമത്തെ കുഞ്ഞിനെയും യാതൊരു കുഴപ്പവുമില്ലാതെ ലഭിച്ചു. മക്കൾ ജോയൽ, ജോഫിൻ. രണ്ടു പേരും കർത്താവിന്റെ കൃപയാൽ സുഖമായിരിക്കുന്നു.

വിപിൻകുമാർ. പൂവ്വാർ.നെയ്യാറ്റിൻകര.
Ph: 8281553405




"സ്നാനമേൽക്കുവാനുണ്ട്" എന്ന് യേശു പറഞ്ഞായിരുന്നു, . 40-ാം സങ്കീർത്തനത്തിൽ ദു:ഖിക്കുന്നവനെങ്കിലും വലിയ വിശ്വാസിയുടെ പ്രാർത്ഥന കിടക്കുന്നു. "നാശകരമായ കുഴിയിൽ നിന്നും കുഴഞ്ഞ ചേറ്റിൽ നിന്നും അവൻ എന്നെ കയറ്റി. എന്റെ കാലുകളെ ഒരു പാറമേൽ നിർത്തി എന്റെ ഗമനത്തെ സ്ഥിരമാക്കി. അവൻ എന്റെ വായിൽ പുതിയൊരു പാട്ടു തന്നു". എന്ന് നാം 2-ഉം 3-ഉം വാക്യങ്ങളിൽ വായിക്കുന്നു.

അറിവില്ലായ്മ കൊണ്ടുണ്ടാകുന്ന ദു:ഖവും എത്ര ശ്രമിച്ചിട്ടും ഒഴിവാക്കാനാവാത്ത പാപവും ആണ് നമ്മെ ഓരോരുത്തരെയും സംബന്ധിച്ചിടത്തോളം ചേറ്. ഏറെ നേരം ഈ ചേറ്റിൽ കിടന്നാൽ മരണം ഉറപ്പാണ്. ദൈവമെ അങ്ങ് വന്ന് എന്നെ പിടിച്ചുകയറ്റണമെ എന്ന് നിലവിളിക്കുകയാണ്.

ഇത്രയധികം പാപബോധമില്ലാത്ത ഒരു തലമുറ പാപചേറ്റിൽ ഇനിയുമിനിയും വീണുകൊണ്ടിരിക്കുന്നവർ ഓർത്ത് കരഞ്ഞു പ്രാർത്ഥിക്കുക തന്നെ. എന്റെ നിലവിളിയാൽ ഞാൻ തളർന്നിരിക്കുന്നു എന്ന അടുത്ത വാക്യം ലൂക്ക.12:50-ന്റെ വാക്യത്തോട് സാദൃശ്യമുള്ളതാണ്. "എങ്കിലും എനിക്ക് ഒരു സ്നാനമേൽക്കുവാനുണ്ട്; അത് കഴിയുവോളം ഞാൻ എത്ര ഞെരുങ്ങുന്നു". ദുസ്സഹമായ യേശുക്രിസ്തുവിന്റെ പ്രാണവേദനയാണ് ഇവിടെ നാം കണ്ടുമുട്ടുന്നത്. "യേശു തന്റെ ഐഹികജീവകാലത്ത് തന്നെ മരണത്തിൽ നിന്നും രക്ഷിപ്പാൻ കഴിയുന്നവനോട് ഉറച്ച നിലവിളിയോടും കണ്ണുനീരോടും കൂടെ അപേക്ഷയും അഭയയാചനയും കഴിക്കുകയും ഭയഭക്തി നിമിത്തം ഉത്തരം ലഭിക്കുകയും ചെയ്തു" (എബ്രാ.5:7).

വലിയ പ്രാർത്ഥനാ വീരന്മാർ പാട്ടിന്റെയും പ്രാർത്ഥനയുടേയും നിലവിളിയാൽ ഉപവാസമെടുത്ത് തളർന്നിരിക്കുന്നതിനെ 3-ാം വാക്യത്തിൽ നമുക്ക് അനുസ്മരിക്കാം. നഷ്ടപ്പെടുവാൻ പോകുന്ന മനുഷ്യാത്മക്കളോടുള്ള അഗാധമായ സ്നേഹത്താലാണ് ഇത്തരം ഉപവാസവും പ്രാർത്ഥനയുമൊക്കെ നടത്തുന്നത്. അപ്പോൾ കണ്ണ് മങ്ങുകയും തൊണ്ട വരളുകയും ഒക്കെ ചെയ്യും. സങ്കീ.22:15 -ലും വിലാ.2:11-ലും 4:17-ലും എന്റെ തൊണ്ട ഉണങ്ങിയിരിക്കുന്നു എന്ന് നാം വായിക്കുന്നു. ഓട്ടുകഷണം പോലെ ഉണങ്ങിയിരിക്കുന്നു എന്നാണ് സങ്കീർത്തകന് പറയുവാനുള്ളത്. നമ്മുടെ പാപങ്ങൾ മുഖാന്തിരം ആണ് യേശുവിന്റെ തൊണ്ട ഉണങ്ങിയിത്. ക്രൂശിലെ മരണമാകുന്ന അകൃത്യയാഗത്തിന്റെ പൂർത്തീകരണത്തിലെ വേദനയാലുള്ള തൊണ്ടയുടെ വരൾച്ച സുവിശേഷം അറിയാത്ത സകല പാപികളും നഷ്ടപ്പെട്ടു പോകുമല്ലോ എന്നോർത്തപ്പോൾ അവർക്ക് പകരമായി യേശു, കാരണം കൂടാതെ പകച്ചവർക്കുവേണ്ടി കരഞ്ഞു പ്രാർത്ഥിക്കുകയായിരുന്നു. ദാവീദിനെയും കാരണം കൂടാതെ പകച്ചവർ അധികമാണ്. ആ ശത്രുക്കൾ അവനെ സംഹരിക്കുവാൻ ശ്രമിച്ചിരുന്നു.

1 പത്രൊ.2:6-ൽ "ഞാൻ ശ്രേഷ്ഠവും മാന്യവുമായ ഒരു മൂലക്കല്ല് സീയോനിൽ ഇടുന്നു, അവനിൽ വിശ്വസിക്കുന്നവൻ ലജ്ജിച്ചുപോകുകയില്ല" (യേശ.28:16). യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവൻ ലജ്ജിച്ചുപോകുകയില്ല. യേശു തന്നെയാണ് ആ മൂലക്കല്ല്. യേശ.38:14-ൽ "ദൈവത്തെ കാത്തിരുന്ന് എന്റെ കണ്ണ് മങ്ങിപ്പോകുന്നു" എന്നു നാം വായിക്കുന്നു. ഏതൊരു നിസ്സഹായാവസ്ഥയിലും യഥാർത്ഥ മാനസാന്തരമുണ്ടായ മനുഷ്യൻ ദൈവത്തെ മാത്രം കാത്തിരുന്നാൽ മറുപടി കിട്ടാൻ വൈകിയാൽ കണ്ണും കാതും ക്ഷീണിക്കുമെങ്കിലും മറുപടി നമുക്കുള്ളതു തന്നെയായിരിക്കും. ഭരണാധികാരികൾ പാപം ചെയ്താൽ, അനാസൂത്രിതമായി രാജ്യം ഭരിച്ചാൽ പ്രജകൾക്കാണ് കഷ്ടം. എന്നാൽ യേശുവിനെ സംബന്ധിച്ച് പറയുമ്പോൾ ജനങ്ങൾ വഴി തെറ്റിയതിന് ഇടയൻ ക്രൂശിക്കപ്പെടുകയായിരുന്നു എന്നു കാണാം. നഷ്ടപ്പെട്ട എല്ലാ പാപികൾക്കുംവേണ്ടി കർത്താവ് തന്റെ പ്രായശ്ചിത്ത യാഗത്താൽ നിത്യത മടക്കിക്കൊടുക്കേണ്ട ഉത്തരവാദിത്വമുള്ളവനായിത്തീർന്നു എന്നാണ് ഈ സങ്കീർത്തനഭാഗത്ത് നാം കണ്ടെത്തുന്നത്. "ഞാൻ കവർച്ച ചെയ്യാത്തത് തിരികെ കൊടുക്കേണ്ടി വരുന്നു" എന്ന് 4-ാം വാക്യത്തിന്റെയൊടുവിൽ കിടക്കുന്നത് കണ്ടോ ? ഇതൊരു പഴയനിയമ കാലവ്യവസ്ഥയാണ്. ലേവ്യാ പുസ്തകം 6-ന്റെ 5-ൽ "താൻ മോഷ്ടിച്ചതോ വഞ്ചിച്ചെടുത്തതോ തന്റെ പക്കൽ ഏൽപ്പിച്ചതോ കാണാതെ പോയിട്ട് താൻ കണ്ടതോ താൻ കള്ളസത്യം ചെയ്ത് എടുത്തതൊക്കെയും മുതലോട് അഞ്ചിലൊന്ന് കൂട്ടിപകരം കൊടുക്കേണം; അകൃത്യയാഗം കഴിക്കുന്ന നാളിൽ അവൻ അത് ഉടമസ്ഥനു കൊടുക്കേണം" എന്നു നാം വായിക്കുന്നു. പുതിനിയമത്തിലെ യേശുക്രിസ്തുവാകട്ടെ പിതാവിന്റെ കയ്യിൽ ക്രൂശിതമരണത്തിലൂടെ എല്ലാം മടക്കികൊടുക്കുകയായിരുന്നു. നമ്മുടെ സാധാരണ ജീവിതത്തിൽ മറ്റുള്ളവരോട് ഇത്രയധികം മനസ്സലിവും കരുണയും നാം കാണിക്കുന്നുണ്ടോ ? ന്യായപ്രമാണം അനുസരിച്ചാണെങ്കിൽ ഒരു കാളയെ മോഷ്ടിക്കുകയോ വിൽക്കുകയോ ചെയ്താൽ ഇരട്ടിയോ

# അടിസ്ഥാന ദൈവശാസ്ത്രം

ഭാഗം-2

## knowledge of the truth
## സത്യത്തിന്റെ പരിജ്ഞാനം

അഞ്ചെണ്ണമോ മടക്കികൊടുക്കണം (പുറ.22:1-5). പുതിയനിയമത്തിലെ (കൃപായുഗം) യേശുക്രിസ്തുവാകട്ടെ ഒന്നും എടുക്കാതിരിക്കെ എല്ലാം തിരികെ കൊടുക്കുന്നത് നാം കാണുന്നു. കൃപായുഗ ക്രിസ്ത്യാനിയും ഇങ്ങനെയായിരിക്കണം.

"നീ എന്റെ ഭോഷത്തമറിയുന്നു" എന്നാണ് 5-ാം വാക്യം. നമ്മുടെയും ദാവീദിന്റേതുമാണ് ഭോഷത്തം. പാപമാണല്ലൊ ഏറ്റവും വലിയ ഭോഷത്തം. പിശാചിന്റെ കെണിയിൽ അറിഞ്ഞും അറിയാതെയും ചെന്നു പെടുന്നത് ഭോഷത്തം തന്നെ. മനുഷ്യന്റെ ഇത്തരം ഭോഷത്തങ്ങൾ ക്രൂശിതമരണം എന്ന ഭോഷത്തത്തിലേക്ക് നയിച്ചു എന്നത് ശരിയാണ്. എന്നാൽ 2 കൊറി.5:21 ഇങ്ങനെയാണ്. "പാപമറിയാത്തവനെ നാം അവനിൽ ദൈവത്തിന്റെ നീതിയാകേണ്ടതിന് അവൻ നമുക്കുവേണ്ടി പാപം ആക്കി". പാപമറിയാത്തവനായ ക്രിസ്തു നമ്മുടെ പാപങ്ങളെ ഏറ്റെടുത്തു എന്നതാണ് ഈ വാക്യത്തിൽ ചർച്ച ചെയ്യുന്നത്. മരണമല്ല പ്രായശ്ചിത്തമരണമനുഭവിക്കുകയായിരുന്നു. നമ്മുടെയും ദാവീന്റെയും അകൃത്യവും ഭോഷത്തവും എല്ലാം ദൈവമറിയുന്നു.

സാത്താനാകട്ടെ ദൈവത്തിന്റെ അധികാരത്തെയും സിംഹാസനത്തെയും അപഹരിച്ചെടുക്കുവാൻ ശ്രമിച്ചതുകൊണ്ട് ഈ ലോകത്തിലേക്ക് വലിച്ചെറിയപ്പെട്ടത് നാം യെഹ.28-ൽ വായിക്കുന്നു. "ഞാൻ നിന്നെ അശുദ്ധനെന്ന് എണ്ണി. ദേവപർവ്വതത്തിൽ നിന്ന് തള്ളിക്കളഞ്ഞു; മറയ്ക്കുന്ന കെരൂബെ ഞാൻ നിന്നെ അഗ്നിമയ രഥങ്ങളുടെ മദ്ധ്യേ നിന്ന് മുടിച്ചുകളഞ്ഞു" (16-ാം വാക്യം). "ഞാൻ മോഘോന്നതങ്ങൾക്കു മീതെ കയറും. ഞാൻ അത്യുന്നതനോടു സമനല്ലോ എന്നല്ലോ നീ ഹൃദയത്തിൽ പറഞ്ഞത്. എന്നാൽ നീ പാതാളത്തിലേക്കു തന്നെ വീഴും" (യേശ.14:14). ഈ തിരുവെഴുത്തുകൾ പ്രകാരം ദൈവത്തോട് തുല്യനാകുക എന്ന വമ്പിച്ച ഭോഷത്തത്തിന് പിശാച് ശ്രമിച്ചു. എന്നാൽ യേശുവാകട്ടെ "ദൈവരൂപത്തിലിരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപമെടുക്കുകയായിരുന്നു"(ഫിലി.2:6). ആത്മീയമായി പറഞ്ഞാൽ ലോകക്കാർക്ക് ഇത് ഭോഷത്തമായി തോന്നും.

ദാവീദിന്റെയും നമ്മുടെയും ഭോഷത്തങ്ങളും അകൃത്യങ്ങളും ദൈവമറിയുന്നു. മഹാരാജാവായി വാഴാതെ എല്ലാവരുടേയും ദാസനായിത്തീർന്ന ക്രിസ്തുവിന്റെ, ക്രൂശിതമരണം വരിക്കുവാനിടവന്നതിനേക്കുറിച്ചും ക്രൂശിന്റെ ഭോഷത്തവും ആത്മീയമായി ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്.

69-ാംസങ്കീർത്തനത്തിൽ 6-ാം വാക്യം "സൈന്യങ്ങളുടെ യഹോവയായ കർത്താവെ നിങ്കൽ പ്രത്യാശ വയ്ക്കുന്നവർ എന്റെ നിമിത്തം ലജ്ജിച്ചുപോകരുതെ; ഇസ്രയേലിന്റെ ദൈവമെ നിന്നെ അന്വേഷിക്കുന്നവർ എന്റെ നിമിത്തം നാണിച്ചുപോകരുതെ". 1 പത്രൊ.2:6-ൽ യേശ.28:16 ഉദ്ധരിച്ചിരിക്കുന്നു. "ഞാൻ ശ്രേഷ്ഠവും മാന്യവുമായ ഒരു മൂലക്കല്ല് സീയോനിൽ ഇടുന്നു. അവനിൽ വിശ്വസിക്കുന്നവൻ ലജ്ജിച്ചു പോകുകയില്ല". ഒരിക്കലും യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവൻ ലജ്ജിക്കുകയില്ല. ഉറപ്പാണത്. ഇന്ന് വിശ്വസിക്കുന്നവർക്കും തന്റെ ഒലിവുമലയിലുള്ള അടുത്ത വരവ് കഴിഞ്ഞു വിശ്വസിക്കുന്നവർക്കും ലജ്ജിക്കേണ്ടി വരികയില്ല. ദൈവത്തെ അന്വേഷിക്കുന്നവർ ലജ്ജിച്ചു പോകാതിരിക്കേണ്ടതിനു തന്നെയാണ് ക്രിസ്തുവിന്റെ ക്രൂശിതമരണം വഴി രക്ഷാകരകർമ്മം നിർവ്വഹിക്കപ്പെട്ടത്. നിത്യത ലഭിക്കുന്ന കാര്യത്തിൽ മാത്രമല്ല വ്യക്തിജീവിതത്തിലെ നിരവധിയായ അനുഗ്രഹങ്ങൾ പ്രാപിക്കുന്ന കാര്യത്തിലും ലജ്ജിക്കേണ്ടി വരികയില്ല. ഇതാണ് നിർവ്യാജ വിശ്വാസം. വചനാധിഷ്ഠിതമായ നിർവ്യാജവിശ്വാസവുമായി ഇറങ്ങിത്തിരിക്കുന്നവരെ ലോകപ്രകാരമുള്ള അവിശ്വാസികൾ എപ്പോഴും പരിഹസിക്കുവാൻ തക്കം നോക്കിയിരിക്കുയാണ്. നാം രക്തസാക്ഷികളായിത്തീരുവാൻ അഭിമാനപൂർവ്വം കാത്തിരിക്കുന്നു; അവർ അവരറിയാതെ നരക സാക്ഷികളായിക്കൊണ്ടുമിരിക്കുന്നു.

7-ാം വാക്യമാകട്ടെ നിന്റെ നിമിത്തം ഞാൻ നിന്ദ വഹിച്ചു; ലജ്ജ എന്റെ മുഖത്തെ മൂടിയിരിക്കുന്നു. എന്നാണല്ലൊ. പാരമ്പര്യവാദികൾക്കും വിദ്യയും സമ്പത്തും സൗന്ദര്യവും അധികമധികമുള്ളവർക്കും ഏറ്റവും വെറുപ്പുള്ളത് നിന്ദിക്കപ്പെടുകയെന്നുള്ളതാണ്. ലോകം സൃഷ്ടിച്ചവനും എല്ലാവരെയും പരീക്ഷിക്കുന്നവനുമായ യേശുക്രിസ്തുവിനോ ? അവൻ എല്ലാറ്റിനും നിന്ദയനുഭവിച്ചു. മനുഷ്യന്റെ നിരവധിയായ പാപങ്ങളാൽ വിഷമിക്കേണ്ടി വന്ന ദൈവീക നീതി പുന:സ്ഥാപിക്കുന്നതിന് ലോകത്തിൽ അനുഭവിക്കാവുന്നതിൽ ഏറ്റവും വലിയ നാരകീയ ക്രൂശിതമരണം ഏറ്റെടുക്കേണ്ടി വരുമ്പോൾ ലജ്ജ എന്റെ മുഖത്തെ മൂടിയിരിക്കുന്നു എന്ന് മാനുഷികമായി പറഞ്ഞുപോകുകയാണ്. ആ ലജ്ജ എത്രമാത്രം വലുതായിരുന്നുവെന്നതാണ് 8-ാം വാക്യത്തിലെ പ്രമേയം.

**"എന്റെ സഹോദരന്മാർക്ക് ഞാൻ പരദേശിയും എന്റെ അമ്മയുടെ**




**മക്കൾക്ക് അന്യനുമായിത്തീർന്നിരിക്കുന്നു".** ഇതൊരു പ്രവചനവാക്യമാണ്. യേശുവിന്റെ എല്ലാത്തരം സഹോദരങ്ങളും ശിഷ്യന്മാരും യേശുവിനെ തള്ളിക്കളയുകയായിരുന്നു. റോമ.15:3-ൽ **"നിന്നെ നിന്ദിക്കുന്നവരുടെ നിന്ദ എന്റെമേൽ വീണു"** എന്നു നാം വായിക്കുന്നു. ആ വാക്യം സങ്കീ.69:9 തന്നെയാണ്. ക്രിസ്തുവിന്റെ സഹോദരന്മാരെ മത്താ.13:56-ൽ ഇങ്ങനെ വായിക്കാം. "ഇവന്റെ സഹോദരന്മാർ യാക്കോബ്, യോസെ, ശിമോൻ, യൂദാ എന്നിവർ അല്ലയോ ? ഇവന്റെ സഹോദരികളും എല്ലാം നമ്മോടുകൂടെയില്ലയോ" ? മർക്കോസിലും 6-ാം അദ്ധ്യായത്തിൽ 3 മുതലുള്ള വാക്യങ്ങളിൽ "ഇവൻ മറിയയുടെ മകനും യാക്കോബ്, യോസെ, യൂദാ, ശിമോൻ എന്നിവരുടെ സഹോദരനുമായ തച്ചനല്ലയോ ? ഇവന്റെ സഹോദരികളും ഇവിടെ നമ്മോടുകൂടെയില്ലയോ എന്നു പറഞ്ഞു അവങ്കൽ ഇടറിപ്പോയി". യേശുക്രിസ്തുവിന്റെ വളർത്തുപിതാവായ ജോസഫിൽ നിന്നും മറിയയിലൂടെ ജനിച്ച നാലു സഹോദരന്മാരുടെ പേരും പേരു പറഞ്ഞിട്ടില്ലെങ്കിലും ഒന്നിലേറെ സഹോദരിമാരുടെ കാര്യവും വ്യാജം പറയുകയില്ലാത്ത പരിശുദ്ധാത്മാവ് എഴുതിപ്പിക്കുകയായിരുന്നു. യോഹ.1-ൽ 10,11,12 വാക്യങ്ങളിൽ "അവൻ ലോകത്തിലുണ്ടായിരുന്നു; ലോകം അവൻ മുഖാന്തരം ഉളവായി, ലോകമോ അവനെ അറിഞ്ഞില്ല. അവൻ സ്വന്തത്തിലേക്കു വന്നു; സ്വന്തമായവരോ അവനെ കൈക്കൊണ്ടില്ല. അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാൻ അവൻ അധികാരം കൊടുത്തു". എന്ന തിരുവെഴുത്തിലും സ്വന്തക്കാർ അവനിൽ വേണ്ടത്ര വിശ്വസിച്ചില്ലെന്ന് നാം വായിക്കുന്നു. ഇക്കാര്യം യോഹ.7:5-ൽ സ്പഷ്ടമായി പറഞ്ഞിരിക്കുന്നു. "അവന്റെ സഹോദരന്മാരും അവനിൽ വിശ്വസിച്ചില്ല".

എന്നാൽ യേശുക്രിസ്തുവിന്റെ മരണം വരെ യേശുവിൽ വേണ്ടത്ര വിശ്വസിക്കാത്ത അവർ അവൻ ഉത്ഥാനം ചെയ്തുകഴിഞ്ഞപ്പോൾ ദൈവാത്മാവിന്റെ പ്രവർത്തനത്താൽ വിശ്വാസത്തിലേക്ക് കടന്നുവന്നതായി നാം കാണുന്നു. അതായത് മർക്കോസിന്റെ മാളികയിലിരുന്ന 120 പേരിൽ അപ്പൊസ്തലന്മാരെല്ലാവരും "സ്ത്രീകളോടും യേശുവിന്റെ അമ്മയായ മറിയയോടും അവന്റെ സഹോദരന്മാരോടും കൂടെ ഒരുമനപ്പെട്ട് പ്രാർത്ഥന കഴിച്ചുപോന്നു".

ഈ ബൈബിൾ സത്യങ്ങളെ, (യേശുക്രിസ്തുവിന്റെ അമ്മ പ്രസവിച്ച സഹോദരന്മാരെപ്പറ്റി) പിശാചും സൂനഹദോസുകളും ചേർന്ന് അനേക പൗരോഹിത്യമതങ്ങളേക്കൊണ്ട് പലവിധമായ നുണകളാക്കി തീർത്തിരിക്കുന്നു. മറിയം കന്യകയല്ലെന്ന് വരാതിരിക്കുവാൻ വേണ്ടിയാണ് സത്യവചനത്തെ അവർ വ്യാഖ്യാനിച്ചു കാടുകയറ്റുന്നത്. യേശുക്രിസ്തുവിന്റെ അമ്മ കന്യകയായിരുന്നപ്പോൾ ദൈവാത്മാവിനാൽ തന്നെ ഗർഭം ധരിച്ചു പ്രസവിച്ചുവെങ്കിൽ ഗർഭധാരണാനന്തരം ജോസഫിനെ വിവാഹം കഴിക്കുകയും അവരുടെ ദാമ്പത്യജീവിതത്തിൽ അഞ്ചാറു മക്കളുണ്ടാകുകയും ചെയ്തത് ആ വിശുദ്ധയായ സ്ത്രീയുടെ മാറ്റും മഹത്വവും വർദ്ധിപ്പിക്കുകയാണ് ചെയ്തത്. ജോസഫിന്റെയൊ മറിയയുടേയൊ സഹോദരങ്ങളുടെയോ ദാമ്പത്യ ജീവിതകാര്യങ്ങളൊന്നും വേദപുസ്തകത്തിൽ പരാമർശിച്ചിട്ടില്ല. ജോസഫിനും ഒരു ആദ്യ വിവാഹം ഉണ്ടായിരുന്നതായി ബൈബിളിൽ ഒരു തെളിവുമില്ല. മാതാപിതാക്കന്മാരുടെ നേരിട്ടുള്ള മക്കളേക്കുറിച്ച് ഗ്രീക്കുഭാഷയിൽ പറയുന്ന വാക്ക് 'അഡൽഫോസ്' എന്നാണ്. ആ പദം തന്നെയാണ് യേശുവിന്റെ സഹോദരന്മാർ എന്നയിടത്തും ഉപയോഗിച്ചിരിക്കുന്നത്.

യെരൂശലേമിലെ വലിയ കൂടിവരവുകളിൽ കർത്താവിന്റെ സഹോദരനായ യാക്കോബാണ് അദ്ധ്യക്ഷനായത് (അപ്പൊ.15:13). സെബദീപുത്രനായ യാക്കോബ് ഹേരോദാവിന്റെ ആജ്ഞയാൽ വാൾകൊണ്ട് കൊല്ലപ്പെട്ടിരുന്നു. ഗലാ.1-ാം അദ്ധ്യായം 18,19 വാക്യപ്രകാരവും "കർത്താവിന്റെ സഹോദരനായ യാക്കോബിനെയല്ലാതെ അപ്പൊസ്തലന്മാരിൽ വേറെയൊരുവനെയും കണ്ടില്ല" എന്ന് നാം വായിക്കുന്നു. ഈ സങ്കീർത്തനവാക്യമനുസരിച്ച് അവരെല്ലാവരും കർത്താവിന്റെ സഹോദരങ്ങൾ തന്നെയായിരുന്നു. മറിയമൊട്ട് കന്യകയായിരുന്നുമില്ല.

സ്വസഹോദരങ്ങൾ അവനോട് അപരിചിതത്വം കാണിച്ചുവെങ്കിൽ നമ്മുടെ രക്ഷിതാവായ യേശുവിനോട് നമുക്ക് പരിചിതത്വം കാണിക്കുകയും അവനെ രക്ഷിതാവും ദൈവവും ആയി സ്വീകരിക്കുയും ചെയ്യാം. സങ്കീ.31:11,12-ൽ "എന്റെ സകല വൈരികളാലും ഞാൻ നിന്ദിതനായിത്തീർന്നു; എന്റെ അയൽക്കാർക്ക് അതിനിന്ദിതൻ തന്നെ. എന്റെ മുഖപരിചിതക്കാർക്ക് ഞാൻ ഭയഹേതുവായി ഭവിച്ചു; എന്നെ വെളിയിൽ കാണുന്നവർ എന്നെ വിട്ട് ഓടിപ്പോകുന്നു. മരിച്ചുപോയവനെപ്പോലെ എന്നെ മറന്നുകളഞ്ഞിരിക്കുന്നു. ഞാനൊരു ഉടഞ്ഞ പാത്രം പോലെയായിരിക്കുന്നു". എന്നെഴുതിയരിക്കുന്നതും നാം ചേർത്തു വായിക്കുക. യിരമ്യാ




വിന്റെ 12:6-ലും "നിന്റെ സഹോദരന്മാരും പിതൃഭവനവും നിന്നോട് ദ്രോഹം ചെയ്തിരിക്കുന്നു. അവരും കൂടെ നിന്റെ പിന്നാലെ ആർപ്പുവിളിക്കുന്നു. അവർ നിന്നോടു ചക്കരവാക്ക് പറഞ്ഞാൽ അവരെ വിശ്വസിക്കരുത്".

ക്രിസ്തുയേശു ക്രൂശിക്കപ്പെടുമ്പോൾ അവൻ എല്ലവരാലും കൈവിടപ്പെട്ടിരുന്നു. എല്ലാവരുടേയും മുമ്പിൽ നിന്ദാപാത്രമായിത്തീർന്നു. മരണവേളയിൽ പോലും യേശുവിനെ ആശ്വസിപ്പിക്കുവാനാരുമുണ്ടായിരുന്നില്ല. "സകലതും പൂർത്തിയായി" (യോഹ.19:30, മത്താ.27:34) എല്ലാ ദുഷ്ടതയുടേയും പ്രതീകമായ വീര്യമുള്ള ചൊറുക്കയായിരുന്നു ഈ ലോകം അവസാനമായി അവന് കുടിക്കുവാൻ കൊടുത്തത്. ഇത്രയേറെ അപമാനിതനായത് എന്തിന്? അത്രയേറെ അവനിൽ വിശ്വസിക്കുന്നവരുടെ മുഴുവൻ പേരുടേയും പാപങ്ങളേറ്റെടുക്കുവാനും നിത്യജീവൻ നൽകുവാനുമായിരുന്നു.

ഞാൻ നേരത്തെ എഴുതിയതുപോലെയുള്ള ദൈവശാസ്ത്രവിഷയങ്ങളെ പതിനൊന്നോ പതിനഞ്ചൊ ആയി വർഗ്ഗീകരിച്ച് പഠിപ്പിക്കുന്ന വേദപണ്ഡിതന്മാർ കുറവായതുകൊണ്ടല്ല മനുഷ്യസമൂഹം മാനസാന്തരത്തിന്റെ പൂർണ്ണതയിലേക്കും രക്ഷയുടെ സന്തോഷത്തിലേക്കും നിത്യജീവന്റെ ഉടമസ്ഥത നൽകുന്ന പരിശുദ്ധാത്മനിറവിലേക്കും വരാത്തത്. ഉണർവ്വുയോഗങ്ങളുടെ കുറവുകൊണ്ടോ ന്യൂജനറേഷൻ ചർച്ചുകാരുടെ അഭിഷേകതള്ളലിന്റെ കുറവുകൊണ്ടോ അല്ല.

ക്രിസ്റ്റ്യാനിറ്റി പരക്കാത്തതിന്റെ കാരണം ക്രൂശെടുക്കാതെയുള്ള ക്രിസ്തുവിനെ അനുഗമിക്കലാണ്. പാപത്തോടും പിശാചിനോടും ലോകമതാചാരനുഷ്ഠനങ്ങളോടും വിട പറയാതെ, ക്രിസ്തുവിനെ അനുഗമിക്കാൻ കഴിയാത്തതിനാലാണ്. പരിശുദ്ധാത്മാവു തുണച്ചാൽ മാത്രമെ നമുക്ക് യേശുക്രിസ്തുവിനെ അനുഗമിക്കാൻ കഴിയുകയുള്ളു. പരിശുദ്ധാത്മസ്നാനമേറ്റ് സാക്ഷ്യവും അഭിഷേകവും പ്രാപിച്ചാൽ മാത്രമെ ക്രിസ്തുവിന്റെ സഭയെ വളർത്താൻ കഴിയുകയുള്ളു. പരിശുദ്ധാത്മാവു നമ്മിൽ വരാതെ പാപത്തെപ്പറ്റിയും നീതിയെപറ്റിയും ന്യായവിധിയേപറ്റിയും ബോധ്യം വരികയില്ല. അവയെപ്പറ്റി ബോധ്യം വരുമ്പോൾ നാം വിശ്വാസത്താൽ നീതീകരിക്കപ്പെടുകയും വിശുദ്ധീകരിക്കപ്പെടുകയും ചെയ്യും. ഇവയ്ക്കെല്ലാം അടിസ്ഥാനം തിരുവെഴുത്തുകൾ ഗ്രഹിക്കേണ്ടതുപോലെ ഗ്രഹിക്കേണ്ടതു തന്നെയാണ്. തിരുവെഴുത്തുകളുടെ തെറ്റായ വ്യാഖ്യാനം കൊണ്ട് കൾട്ടുവാദത്തിലേക്ക് പോയവർ അനവധിയാണ്. ഇന്നത്തെ യഹോവാസാക്ഷികളും പണ്ടത്തെ ഗ്നോസ്റ്റിക്കുകളും കൾട്ടുകളാണ്. സഭാശാസ്ത്രം ചർച്ച ചെയ്യുമ്പോൾ അക്കാര്യം കൂടുതൽ വിശദമായി പഠിക്കാം. ഇപ്പോൾ 69-ാം സങ്കീർത്തനത്തിലെ ഏതാനും വചനങ്ങളെങ്കിലും പഠിക്കാൻ ശ്രമിച്ചതുപോലെ ബൈബിൾ മുഴുവനും നിത്യജീവനിലേക്കു നയിക്കാനിടവരുന്ന വിധത്തിൽ സത്യാത്മാവിനാൽ പ്രേരിതമായി പഠിക്കുന്നില്ലെങ്കിൽ ദുരുപദേശക്കാരുടേയും കള്ളപ്രവാചകന്മാരുടേയും കെണിയിൽ അകപ്പെട്ടു പോകും. 1 യോഹ.4-ാം അദ്ധ്യായത്തിൽ 1 മുതലുള്ള തിരുവചനങ്ങൾ ശ്രദ്ധിക്കാം. "കള്ളപ്രവാചകന്മാർ പലരും ലോകത്തിലേക്കു പുറപ്പെട്ടിരിക്കയാൽ ഏതാത്മാവിനെയും വിശ്വസിക്കാതെ ആത്മാക്കൾ ദൈവത്തിൽ നിന്നുള്ളവയോ എന്ന് ശോധന ചെയ്യുവിൻ. ദൈവാത്മാവിനെ ഇതിനാലറിയാം. യേശുക്രിസ്തു ജഡത്തിൽ വന്നു എന്ന് സ്വീകരിക്കുന്ന ആത്മാവൊക്കെയും ദൈവത്തിൽ നിന്നുള്ളത്. യേശുവിനെ സ്വീകരിക്കാത്ത യാതൊരാത്മാവും ദൈവത്തിൽ നിന്നുള്ളതല്ല. അത് എതിർക്രിസ്തുവിന്റെ ആത്മാവു തന്നെ. അത് വരുമെന്ന് നിങ്ങൾ കേട്ടിട്ടുണ്ടല്ലൊ. അത് ഇപ്പോൾതന്നെ ലോകത്തിലുണ്ട്".

ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിക്കാൻ പതിനായിരങ്ങൾക്കു കഴിയാത്തത് എതിർക്രിസ്തുവിന്റെ ആത്മാവുള്ളവർ വ്യാഖ്യാനിക്കുന്നതനുസരിച്ച് ദൈവവചനത്തെ സ്വീകരിച്ചതുകൊണ്ട് ആണ്. 1 തിമൊ.4:1-മുതലുള്ള തിരുവെഴുത്തുകളിൽ "എന്നാൽ ഭാവികാലത്ത് ചിലർ വ്യാജാത്മാക്കളെയും ഭൂതങ്ങളുടെ ഉപദേശങ്ങളെയും ആശ്രയിച്ച് ഭോഷ്ക്കു പറയുന്നവരുടെ കപടത്താൽ വിശ്വാസം ത്യജിക്കുമെന്ന് ആത്മാവു തെളിവായി പറയുന്നു". മിക്ക പൗരോഹിത്യ മതങ്ങളുടേയും ആരംഭം ഭോഷ്ക്കു പറഞ്ഞുകൊണ്ടല്ലായിരുന്നുവെങ്കിലും തിരുവെഴുത്തുകൾ അനുസരിച്ചു നോക്കുമ്പോൾ മിക്കതും അങ്ങനെയായിപ്പോയി. നവീകരണസഭകളിലും ചിലതെല്ലാം അങ്ങനെതന്നെയായി. ഇത്തരം കാരണങ്ങളാലാണ് അടിസ്ഥാന ദൈവശാസ്ത്രത്തിന്റെ മുഖവുരയായി ഇനി എഴുതാൻ പോകുന്ന കാര്യങ്ങളും എഴുതിപ്പോകുന്നത്.

**വിശ്വാസസംരക്ഷണവും ഉപദേശസംരക്ഷണവും**

കർത്താവായ യേശുക്രിസ്തുവിന്റെ പ്രായശ്ചിത്തമരണത്തിലുള്ള വിശ്വാസത്താൽ രക്ഷ കൈ വരുന്നു.

# അടിസ്ഥാന ദൈവശാസ്ത്രം

ഭാഗം-2

## knowledge of the truth
## സത്യത്തിന്റെ പരിജ്ഞാനം

പാപബോധത്തോടും പശ്ചാത്താപത്തോടും മാനസാന്തരത്തിന്റെ ഫലങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് വീണ്ടും ജനനം പ്രാപിച്ചുകൊണ്ടും അനുദിനം പരിശുദ്ധാത്മാവിൽ നിറഞ്ഞ് ജീവിച്ചാൽ ഈ രക്ഷ ഒരിക്കലും ഒരു കാരണവശാലും നഷ്ടപ്പെടുകയില്ല. ആ വിധത്തിൽ ആത്മീയ ജീവിതത്തെ നയിക്കുന്നതിനെയാണ് വിശ്വാസ സംരക്ഷണം എന്നു പറയുന്നത്.

ഉപദേശ സംരക്ഷണം എന്നു പറയുമ്പോൾ തിരുവചനസത്യങ്ങളെ പരിശുദ്ധാത്മാവ് ആഗ്രഹിക്കുന്നതുപോലെ ഗ്രഹിച്ച് അതുപോലെ തന്നെ സ്വീകരിക്കുകയും കൊടുക്കുകയും വളർത്തുകയും ചെയ്യുക എന്നതാണ്. വിശ്വാസ സംരക്ഷണത്തിലൂടെയും ഉപദേശസംരക്ഷണത്തിലൂടെയും ക്രിസ്തീയ സഭയുടെ ശാസനവും ഗുണീകരണവും നീതിയുടെ അഭ്യാസവും അനുഗ്രഹീതമാകണം. പഥ്യോപദേശങ്ങൾ കണ്ടെത്തി സത്യോപദേശത്തിന്റെ സംരക്ഷകനായി ഓരോ ദൈവപൈതലും പരിശുദ്ധാത്മാവിൽ നിറഞ്ഞു തന്നെ ജീവിക്കുമ്പോൾ തിരുവെഴുത്തുകളെ മറി കടന്നുകൊണ്ട് സാംസ്ക്കാരിക സംഭവങ്ങൾക്കും തെറ്റായ കൗദാശികത്വത്തിനും തെറ്റായ മദ്ധ്യസ്ഥപ്രാർത്ഥനാ ശൈലിക്കും തെറ്റായ സ്നാനം മുതലായ കർമ്മങ്ങൾക്കും എതിരാളികളോട് വചനാധിഷ്ഠിതമായി എതിർത്തുനിൽക്കേണ്ടതുണ്ട്. ഇക്കാര്യങ്ങളിലേക്ക് വെളിച്ചം വീശുന്ന തിരുവെഴുത്താണ് 1 പത്രൊ.3:15. "നിങ്ങളിലുള്ള പ്രത്യാശയെക്കുറിച്ച് ന്യായം ചോദിക്കുന്ന ഏവനോടും സൗമ്യതയും ഭയഭക്തിയും പൂണ്ട് പ്രതിവാദം പറവാൻ എപ്പോഴും ഒരുങ്ങിയിരിപ്പിൻ".

2 കൊരി.2:11-ൽ "സാത്താൻ നമ്മെ തോൽപ്പിക്കരുത്. അവന്റെ തന്ത്രങ്ങളെ നാം അറിയാത്തതല്ലല്ലോ". മാത്രമല്ല 2 കൊരി.4:4-ൽ "ദൈവപ്രതിമയായ ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷത്തിന്റെ പ്രകാശനം ശോഭിപ്പാതിരിപ്പാൻ ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ മനസ്സ് കുരുടാക്കുന്നു". ഓരോരോ കാലയളവിലും ശത്രുവായ സാത്താൻ തിരുവെഴുത്തിനെയും അവ ഉപയോഗിക്കുന്നവരെയും പല വിധത്തിലും ആക്രമിച്ചുകൊണ്ടിരിക്കും. **തിരുവെഴുത്തുകളെ പശ്ചാത്യവല്ക്കരിച്ചുകൊണ്ട് കൂദാശവല്ക്കരണത്തിനും ബഹുമദ്ധ്യസ്ഥ പ്രാർത്ഥനാ സ്വഭാവങ്ങൾക്കും പഴയനിയമത്തിനൊ പുതിയ നിയമത്തിനൊ ഏതെങ്കിലുമൊന്നിന് പ്രാമാണ്യം കൊടുക്കാൻ വേണ്ടി മറ്റേതിനെ താഴ്ത്തിക്കെട്ടുന്നവർക്കും ആത്മാവിന്റെ അഭിഷേകം ആത്മാവിന്റെ അഭിഷേകം എന്നു പറഞ്ഞ് മറ്റെല്ലാം മറന്ന് അതിനു മാത്രം പ്രാധാന്യം കൊടുക്കുന്നവർക്കും തിരുവെഴുത്തുകളുടെ ജന്മദാതാവായ പരിശുദ്ധാത്മാവ് തിരുവെഴുത്തുകളിലൂടെ തന്നെ കൃത്യമായ മറുപടി നൽകുന്നുണ്ട്.** അവയെ ക്രോഡീകരിച്ചുകൊണ്ടാണ് ചുവടെ പത്ത് കാര്യങ്ങൾ എഴുതുന്നത്.

1. ദൈവം ത്രീയേകദൈവമാണ്. പിതാവിന്റെ ആളത്തവും പുത്രന്റെ ആളത്തവും പരിശുദ്ധാത്മാവിന്റെ ആളത്തവും പ്രത്യേകം പ്രത്യേകം നിലനിർത്തിക്കൊണ്ട് ത്രിത്വം, യേശുക്രിസ്തു വഴി, ക്രൂശിതമരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും പരിശുദ്ധാത്മാവിനെ അയച്ചുകൊണ്ടും മാനവരക്ഷ പ്രദാനം ചെയ്തിരിക്കുന്നു. സകലത്തിന്റെയും സൃഷ്ടാവും പരിപാലകനുമായ ഏകസത്യദൈവം (ത്രീയേകദൈവം) ലോകസ്ഥാപനത്തിനുമുമ്പെ പിതാവ് പുത്രൻ പരിശുദ്ധാത്മാവ് എന്നീ മൂന്ന് ആളത്തങ്ങളിൽ നിലകൊള്ളുന്നു എന്നത് മനസ്സിലാക്കിക്കാതിരിക്കുകയാണ് പിശാചിന്റെ ഏറ്റവും വലിയ തന്ത്രം.

2. കർത്താവായ യേശുക്രിസ്തു പരിശുദ്ധാത്മാവിനാൽ കന്യകാമറിയത്തിലൂടെ ജഡാവതാരം എടുത്തുവന്ന ദൈവപുത്രനാണ്. ജഡാവതാരത്താൽ യേശു പൂർണ്ണമനുഷ്യനാണ്. എന്നാൽ മനുഷ്യന് സമ്പൂർണ്ണരക്ഷ ക്രൂശിതമരണത്തിലൂടെ നൽകികൊണ്ടും ഉത്ഥാനം ചെയ്ത് സ്വർഗ്ഗത്തിൽ വാഴുന്നതുകൊണ്ടും ദൈവാത്മാവിനെ അയച്ചതുകൊണ്ടും വീണ്ടും വിധിയാളനായി എത്തുന്നതുകൊണ്ടും അവൻ ദൈവവുമാണ്.

3. ദൈവത്തിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലുമാണ് ആദി മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത്. അവന്റെ ഭാര്യയായ ഹവ്വ മുഖാന്തരം ദൈവകല്പനയെ മറുതലിച്ച അവൻ ആത്മീയമായി മരിക്കുകയും സ്വന്തം ശരീരത്തിൽ നിന്നും ദൈവതേജസ്സ് നഷ്ടപ്പെടുത്തുകയും ചെയ്തു. ആദാമിന്റെ പാപത്താൽ സകല മനുഷ്യരും പ്രകൃതത്താലും പ്രവൃത്തിയാലും പാപികളായിത്തീർന്നു. അതുകൊണ്ട് എല്ലാവരും ന്യായവിധിക്ക് അർഹരാണ്.

4. പക്ഷെ കർത്താവായ യേശുക്രിസ്തുവിന്റെ മനുഷ്യകുലത്തിന്റെ പകരക്കാരനായുള്ള മരണത്താലും ഉത്ഥാനത്താലും ആ രക്ഷാകരമായ കർമ്മത്തിൽ നൂറ് ശതമാനവും വിശ്വസിക്കുന്നവർക്ക് സൗജന്യമായി യഹോവയാൽ നീതീകരണം ലഭിക്കുന്നു. ഈ രക്ഷാകരസംഭവം തിരുവെഴുത്തുകളിൻ പ്രകാരം തന്നെയാണ് നടന്നത്.




5. യേശുക്രിസ്തുവിന്റെ ആശ്ച ര്യകരമായ മരണ അടക്ക പുനരുത്ഥാനം, യേശുക്രിസ്തുവഴി തന്നെയാണ് നടന്ന തെങ്കിലും ഈ രക്ഷാകരമായ സംഭവ ത്തിൽ പിതാവിന് പിതാവിന്റെ പ്രാധാ ന്യവും പരിശുദ്ധാത്മാവിന് പരിശുദ്ധാ ത്മാവിന്റേതായ പ്രാധാന്യവും ഉണ്ട് താനും. ക്രിസ്തുവിന്റെ മരണ അടക്ക പുനരുത്ഥാനത്തിൽ വിശ്വസിക്കുന്നവർക്ക് രക്ഷയും നിത്യതയും ഉറപ്പാണ്. എന്നാൽ തിരുവെഴുത്തുകളിൻ പ്രകാരം വിശ്വാസ സ്നാനം സ്വീകരിക്കേണ്ടതും കർത്തൃ മേശ എടുക്കേണ്ടതും പരിശുദ്ധാത്മ സ്നാനമേറ്റ് പ്രാർത്ഥനയോടുകൂടിയ സാക്ഷ്യജീവിതവും നയിക്കേണ്ടതും വിശ്വാസത്തിന്റെ ഭാഗമാണ്. മഹോപദ്ര വകാലത്തിന് മുമ്പും പിമ്പുമായി ക്രിസ്തുവിന്റെ പുനരാഗമനത്തിന് രണ്ട് ദളങ്ങളുണ്ട്. ആദ്യത്തേത്, വാനമേഘങ്ങ ളിൽ യഥാർത്ഥ മണവാട്ടിയായ സഭയെ ചേർത്തുകൊള്ളാനും, രണ്ടാമത്തേത്, ഏഴു വർഷത്തിനുശേഷം ഒലിവുമലയി ലേക്ക് യഹോശാഫാത്ത് താഴ്‌വരയിലെ ദശരാഷ്ട്രസംഖ്യത്തിന്റെ യുദ്ധത്തിൽ പരാജയപ്പെട്ടുകൊണ്ടിരിക്കുന്ന യിസ്ര യേൽ ജനത്തിൽ മാനസാന്തരവും ക്രിസ്തുവിശ്വാസവും ഉള്ളവരെ രക്ഷിച്ച് അനുകൂലമായി സഹസ്രാബ്ദയുഗം ആരംഭിക്കുവാനുമുള്ള വരവാണ്.

6. രക്ഷയുടെ സന്തോഷത്തി ലേക്ക് വിശ്വാസംവഴി നീതീകരിക്കപ്പെട്ട് കടന്നുവരുന്ന ഏത് വ്യക്തിക്കും പരിശു ദ്ധാത്മാവിനാൽ നയിക്കപ്പെടുവാനും കൃപാവരങ്ങളും അഭിഷേകവും പ്രാപി ക്കുന്നവരുമാകുവാനും തീർച്ചയായും യോഗ്യതയുണ്ട്. ദൈവനാമമഹത്വത്തി നായി ആത്മീയജീവിതം സമർപ്പിക്കു വാൻ ദൈവത്താൽ പ്രത്യേകം വിളിക്ക പ്പെട്ട് വേർതിരിക്കപ്പെട്ടവർക്കാണ് ഇത്തരം ആത്മീയവളർച്ച സ്വാഭാവിക മായും ഉണ്ടാകുക.

7. വിശ്വാസം പ്രത്യാശ സ്നേഹം ഇവ മൂന്നിലും പ്രത്യേകിച്ച് സ്നേഹത്തിലും നമുക്ക് നല്ല വളർച്ചയു ണ്ടാകണം.

8. വിശ്വാസത്തിലധിഷ്ഠിതമായ പ്രാർത്ഥനാ ജീവിതം മുഖാന്തരം അനേ കം ആത്മാക്കളെ നേടുവാനുള്ള പ്രതി ബദ്ധത നാം കാണിക്കേണ്ടതാണ്.

9. മാനസാന്തരപ്പെട്ട് വീണ്ടും ജനനം പ്രാപിച്ച് മാനസാന്തരത്തിന്റെ ഫലങ്ങൾ പുറപ്പെടുവിച്ചുകൊണ്ടുള്ള യഥാർത്ഥ സാക്ഷ്യജീവിതം ഇല്ലെങ്കിൽ അഭിഷേകം പ്രാപിക്കലും വിശ്വാസം പ്രകടിപ്പിക്കലും വെറും ജാഡ മാത്ര മായി അധ:പതിക്കും.

10. സാത്താനെയും അവന്റെ തന്ത്രങ്ങളെയും വിശ്വാസത്തിന്റെ പരിച ഉപയോഗിച്ച് ദൈവവചനമാകുന്ന വാൾ ഉപയോഗിച്ചും നിരന്തരം നാം തോൽപ്പി ക്കേണ്ടതുണ്ട്.

ഈ പത്ത് കാര്യങ്ങളും ദൈവ നാമമഹത്വത്തിന് ഉതകുന്ന വിധത്തിൽ സംഭവിക്കണമെങ്കിൽ പരിശുദ്ധാത്മനിശ്വ സിത തിരുവെഴുത്തായ ബൈബിൾ സത്യവ്യാഖ്യാനത്തിലൂടെ പഠിച്ച് കൃപ യിലും വിശ്വാസത്തിലും പരിശുദ്ധാത്മാ വിൽ നിറഞ്ഞ് വളർന്ന് മറ്റൊരു ക്രിസ്തു വായി നാം രൂപാന്തരപ്പെടേണ്ടതുണ്ട്. അപ്പോഴാണ് പതിനൊന്നാമത്തെ നമ്പർ എഴുതേണ്ടി വരിക.

ഇംഗ്ലണ്ടിലെ ഗ്ലൗസസ്റ്ററിൽ 1490-ൽ ജനിച്ച വില്യം റ്റിൻഡേൽ ഒരു വലിയ ബഹുഭാഷാപണ്ഡിതൻ ആയിരുന്നു. മാർട്ടിൻ ലൂഥറിന്റെ ആശയങ്ങളോടു യോജിച്ചു. ജർമ്മനിയിൽ ഒളിവിലിരുന്നുകൊണ്ട് പുതിയനിയമത്തിന്റെ തർജ്ജിമ അദ്ദേഹം പൂർത്തീകരിച്ചു. പഴയനിയമ തർജ്ജിമയും പൂർത്തീകരിച്ചു. ഹെൻട്രി 8-ാമന്റെ വിവാഹമോചനം ദൈവവചനപ്രകാരം തെറ്റാണെന്ന് തുറന്നു പറഞ്ഞ വില്യം റ്റിൻഡേലിനെ മതദ്രോഹവിചാരണകോടതി വിശ്വാസധ്വംസകനെന്ന് വിധിക്കുകയും 1536-ൽ ഒക്ടോബർ 6-ാം തീയ്യതി രക്തസാക്ഷിയായി ഇഹലോകജീവിതം അവസാനിപ്പിക്കുകയും ചെയ്യേണ്ടി വന്നു. കർമ്മങ്ങളാലൊ കൗദാശികമൂല്യങ്ങളാലൊ അല്ല രക്ഷയെന്നും അത് കൃപയാലുള്ള വിശ്വാസത്താലാണെന്നും വില്യം റ്റിൻഡേലും വിശ്വസിച്ചു പ്രചരിപ്പിച്ചു.

അപ്പൊസ്തലനായ പൗലോസ് ഉൾപ്പെടെ നൂറു കണക്കിന് നവീകരണ കർത്താക്കൾ ദൈവകൃപയുടെ അടിസ്ഥാനബോധ്യങ്ങളെയും വിശ്വാസത്താൽ അത് നേടിയെടുക്കേണ്ട പ്രസക്തിയെയും നമ്മുടെ കൺമുമ്പിലും അവതരിപ്പിക്കുന്നു.

### കൃപ -
### ദൈവവചനപ്രകാരമുള്ള പഠനം

ന്യായപ്രമാണമാകട്ടെ പാപത്തിന്റെ പരിജ്ഞാനമുണ്ടാക്കുകയും കുറ്റം വിധിച്ച് ശിക്ഷിക്കുകയും ശാപത്തിൻകീഴ് അടച്ചുകളയുകയുമാണ് ചെയ്യുന്നത്. പ്രസ്തുത ന്യായപ്രമാണം വെളിപ്പെടുത്തിയ മാനവസമൂഹത്തിന്റെ പാപവും അതിന്റെ ശിക്ഷയും അവിടുത്തെ ജഢശരീരത്തിൽ ചുമന്ന് സന്തോഷത്തോടെ അനുഭവിച്ച്, ശാപത്തിൽ നിന്ന് മനുഷ്യസമൂഹത്തെ വിലയ്ക്കുവാങ്ങിച്ച് ന്യായപ്രമാണത്തെ യേശുക്രിസ്തു വിലയ്ക്കുവാങ്ങിക്കുകയായിരുന്നു. അങ്ങനെ കൃപാപ്രമാണത്തിന്റെ ഉടമസ്ഥനും മദ്ധ്യസ്ഥനും ആയി യേശു മാറി. തന്നിൽ ശക്തമായി വിശ്വസിക്കുന്ന ഏതൊരാളും ന്യായപ്രമാണത്താലൊ അതിന്റെ പ്രവൃത്തികളാലൊ അല്ല, കൃപയാൽ മാത്രമാണ് കർത്താവായ യേശുവിലൂടെ ഇന്ന് പാപമോചനവും രക്ഷയും ആസ്വദിക്കുന്നത്.

സങ്കീ.5:7-ൽ "ഞാനൊ നിന്റെ കൃപയുടെ ബഹുത്വത്താൽ നിന്റെ ആലയത്തിലേക്ക് ചെന്ന് നിന്റെ വിശുദ്ധമന്ദിരത്തിനു നേരെ നിങ്കലുള്ള ഭക്തിയോടെ ആരാധിക്കും എന്നാണ് പറഞ്ഞതെങ്കിൽ" റോമ.3:24-ൽ "അവന്റെ കൃപയാൽ ക്രിസ്തുയേശുവിങ്കലെ വീണ്ടെടുപ്പുമൂലം സൗജന്യമായത്രെ നീതീകരിക്കപ്പെടുന്നത്" എന്ന് പ്രസ്താവിച്ചപ്പോൾ ക്രിസ്തു വഴി ഒഴുകിയ ദൈവകൃപയുടെ കുത്തൊഴുക്കും അത് വിശ്വാസത്താൽ കോരിക്കുടിക്കുന്ന വിശ്വാസിയുടെ ആനന്ദവും നമുക്കൂഹിക്കാവുന്നതിനുമപ്പുറത്താണ്.



ആപ്പൊസ്തോലിക ശുശ്രൂഷ: 2015 ആഗസ്റ്റ് 25 മുതൽ 29 വരെ നടന്ന വചനപരിശീലനധ്യാനത്തിൽ പുളിങ്ങോം ആത്മാഭിഷേകം വചനാശ്രമത്തിലെ സ്നാനകുളത്തിൽ ദേവസ്യാ മുല്ലക്കരസാറിൽ നിന്നും വിശ്വാസസ്നാനം സ്വീകരിച്ചവരിൽ ചിലർ.




## ന്യായപ്രമാണവും കൃപയും

| ന്യായപ്രമാണം | കൃപാപ്രമാണം |
|---|---|
| 1. “ന്യായപ്രമാണം മോശ മുഖാന്തരം ലഭിച്ചു” (യോഹ.1:17). | 1. “കൃപയും സത്യവും യേശുക്രിസ്തു മുഖാന്തരം വന്നു”(യോഹ.1:17). |
| 2. സീനായ് മുതൽ കാൽവരി വരെയാണ് ന്യായപ്രമാണത്തിന്റെപ്രാബല്യം. എങ്കിലും ദൈവകൃപ പഴയനിയമത്തിൽ പലയിടത്തായി പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. | 2. കാൽവരിയിലെ ക്രിസ്തുസംഭവം മുതൽ യേശുക്രിസ്തുവിന്റെമദ്ധ്യാകാശ വരവു വരെ നിലനിൽക്കും. |
| 3. ഗലാ.1-ൽ 6 മുതൽ 9 വരെയുള്ള വാക്യങ്ങളിലും 3-ൽ 2-ാം വാക്യത്തിലും ആത്മരക്ഷക്കും പാപമോചനത്തിനും കൃപയോടൊപ്പം ന്യായപ്രമാണത്തിന്റെ പ്രവർത്തികളും ആവശ്യമാണെന്ന് ചിലർ പഠിപ്പിച്ചു. | 3. എന്നാൽ ഗലാത്തിയാ ലേഖനം 4-ൽ 21 മുതൽ 31 വരെയുള്ള വാക്യങ്ങൾ അനുസരിച്ച് സീനായ് മലയിൽ നിന്ന് പുറപ്പെട്ട് അടിമകളെ പ്രസവിക്കുന്ന ഹാഗാറിനെയും മകനെയും പുറത്താക്കികളയുവാനുള്ള ആഹ്വാനമാണ് പൗലോസ് ഗലാത്തിയാക്കാർക്ക് നൽകിയത്. മാത്രമല്ല ന്യായപ്രമാണത്തിൻ കീഴിൽ നിന്ന് നാം മോചിതരാകണമെന്നും കൃപക്കു കീഴ്പ്പെട്ടിരിക്കണമെന്നും റോമ.1 മുതൽ 7 വരെ വാക്യങ്ങളിലും ഗലാ.5-ൽ 1 മുതലുള്ള വാക്യങ്ങളിലും പഠിപ്പിക്കപ്പെടുന്നു. |
| 4. അത് ചെയ്യുന്നവൻ അതിനാൽ ജീവിക്കും എന്നു പറഞ്ഞുകൊണ്ട് ന്യായപ്രമാണം പ്രവൃത്തി ആവശ്യപ്പെടുന്നു. വചനത്തിൽ ആശ്രയിച്ച് നാം ചെയ്യുവാനുള്ള പ്രവർത്തിയുടെ പട്ടികയാണ് ആവ.28-ലും മറ്റും നാം കാണുക. | 4. യേശുക്രിസ്തു ക്രൂശിൽ ചെയ്തുതീർത്ത നമുക്കുവേണ്ടിയുള്ള രക്ഷാകരമായ പ്രവൃത്തിയാണ് കൃപ ചൂണ്ടിക്കാണിക്കുന്നത്. മനുഷ്യന്റെ പ്രവൃത്തിക്കുപകരം ദൈവം ക്രിസ്തുവിലൂടെ എല്ലാം ചെയ്തുതീർത്ത സംഭവം. |
| 5. റോമ.3:20 അനുസരിച്ച് നമ്മുടെ പച്ചയായ പാപങ്ങളെയെല്ലാം ന്യായപ്രമാണം തുറന്നു കാണിക്കുന്നു. | 5. എന്നാൽ കൃപ പാപത്തെയല്ല രക്ഷയെയാണ് തുറന്നു കാണിക്കുന്നത്. |



# ന്യായപ്രമാണവും കൃപയും

| | |
|---|---|
| 6. ലേവ്യർ മോശ പറഞ്ഞതുപോലെ ചെയ്തു, അന്ന് ഏകദേശം മൂവായിരം പേർ വീണു (പുറ.32:28). | 6. അവന്റെ വാക്കു കൈക്കൊണ്ടവർ സ്നാനമേറ്റു; അന്ന് മൂവായിരത്തോളം പേർ സഭയോടു ചേർന്നു. (അപ്പൊ.2:41). |
| 7. റോമ.3:19 അനുസരിച്ച് "ന്യായപ്രമാണം പറയുന്നത് എല്ലാ ന്യായപ്രമാണത്തിൻ കീഴിലുള്ളവരോട് പ്രസ്താവിക്കുന്നു എന്ന് നാം അറിയുന്നു. അങ്ങനെ ഏതു വായും അടഞ്ഞ് സർവ്വലോകവും ദൈവസന്നിധിയിൽ ശിക്ഷായോഗ്യമായി തീരേണ്ടതത്രെ". | 7. എന്നാൽ കൃപയാകട്ടെ ദൈവത്തെ സ്തുതിക്കുവാനും നന്ദി പറയുവാനും എല്ലാ നാവിനെയും തുറക്കുകയാണ് ചെയ്തത്. |
| 8. ന്യായപ്രമാണം സംബന്ധിച്ച് പൗലോസ്അപ്പൊസ്തലൻ പരീശനാണ് (ഫിലി.3:5). | 8. 1 തിമൊ.1:16 അനുസരിച്ച് ഞാൻ പാപികളിലൊന്നാമൻ. എന്നിട്ടും യേശുക്രിസ്തു നിത്യജീവൻ ആയിക്കൊണ്ട് തന്നിൽ വിശ്വസിപ്പാനുള്ളവർക്ക് ദൃഷ്ടാന്തത്തിനായി സകല ദീർഘക്ഷമയും ഒന്നാമനായി എന്നിൽ കാണിക്കേണ്ടതിന് എനിക്ക് കരുണ (കൃപ) ലഭിച്ചു. |
| 9. ന്യായപ്രമാണം സന്തതി വരുവോളമായിരുന്നു (ഗലാ.3:19). | 9. കൃപയാണ് വിശ്വാസത്തിന്റെ യഥാർത്ഥ കാരണം (എഫേ.2:7,8). |
| 10. ന്യായപ്രമാണം യേശുക്രിസ്തുവിങ്കലേക്ക് നമ്മെ നയിക്കുന്നു (ഗലാ.3:24). | 10. കൃപയാണ് രക്ഷയുടെ ഹേതുവായിരിക്കുന്നത്. (തീത്തോ.2:11,12,13). |
| 11. ന്യായപ്രമാണം വിശ്വാസത്തിന്റെ വെളിപാടു വരെ മാത്രം (ഗലാ.3:21) | 11. കൃപയാലാണ് ദൈവപിതാവിൽ നിന്നും നീതീകരണം പ്രാപിക്കുന്നത് (തീത്തോ.3:7). |
| 12. ന്യായപ്രമാണം ശിശുപാലകനായി ത്തീർന്നു (ഗലാ.3:24). | 12. കൃപ നമുക്ക് പുത്രത്വത്തിന്റെ ഉറപ്പു നൽകി എഫേ.1:4-7). |
| 12. ന്യായപ്രമാണം ദൈവപിതാവ് നിശ്ചയിച്ച അവധി വരെ (ഗലാ.4:3,4,5). | 12. എന്തു സഹായം ആവശ്യമുള്ളപ്പോഴും കൃപ നമ്മെ സഹായിക്കുന്നു (ഹെബ്രാ.4:16). |
| 13. ന്യായപ്രമാണവും പ്രവാചകന്മാരും യോഹന്നാൻ സ്നാപകൻ വരെ മാത്രം (ലൂക്ക.16:16, മത്താ.11:13). | 13. കൃപ നമുക്ക് എല്ലാ ശക്തിയും നൽകുന്നു (2 കൊരി.12:9). |
| 14. ക്രിസ്തു ന്യായപ്രമാണത്തിന്റെ അവസാനമാകുന്നു (റോമ.10:4). | 14. കൃപ കഴിഞ്ഞകാലത്ത് രക്ഷ നൽകുവാനും (തീത്തോ.2:11) വർത്തമാനകാലത്ത് ശക്തി പകരുവാനും (2 കൊരി.12:9) ഭാവികാലത്തിൽ സംതൃപ്തി വാഗ്ദാനം ചെയ്യുവാനും ദാനമായി കിട്ടിയിരിക്കുന്നു (എഫേ.2:7). |

# അടിസ്ഥാന ദൈവശാസ്ത്രം

ഭാഗം-2

## knowledge of the truth
## സത്യത്തിന്റെ പരിജ്ഞാനം

കർത്താവായ യേശുക്രിസ്തുവിന്റെ വരവു വരെയുള്ള ദൈവവചനവ്യവസ്ഥക്ക് അനുസൃതമായ ഒരു താൽക്കാലിക നിയമമാണ് ന്യായപ്രമാണം. പക്ഷെ ന്യായപ്രമാണ ദാതാവ് യഹോവയാണ്. പള്ളികളിലെയും ക്ഷേത്രങ്ങളിലെയും നേർച്ചകാഴ്ചകളും കുമ്പസാരാദികളും സ്വീകരിച്ചുകൊണ്ട് ഇന്നാ പാപമോചനവും കൃപയും എന്നു പറയുന്ന പഴയനിയമത്തിലെ ന്യായപ്രമാണവ്യവസ്ഥക്ക് തുല്യമായ ആചാരാനുഷ്ഠാനങ്ങളും ഇന്ന് അനേകം സാമൂഹ്യമതങ്ങളിൽ നിലനിൽക്കുന്നു. ഇതിനെ ലോകമതങ്ങളും പ്രത്യേകിച്ച് കാത്തലിക് മതങ്ങളും സപ്പോർട്ട് ചെയ്യുന്നു. ആചാരാനുഷ്ഠാനങ്ങളും നേർച്ചകാഴ്ചകൾ നടവരവുകളും ഓരോ വ്യക്തികളുടേയും പാപമോചനത്തിനുവേണ്ടി അവരവർ അനുഷ്ഠിക്കേണ്ടതാണെന്ന് പറഞ്ഞ് പഠിപ്പിക്കുമ്പോൾ ദൈവപുത്രൻ ക്രൂശിൽ അനു







എന്റെ പേര് ഗോപാലൻ. ഞാൻ കർണ്ണാടകത്തിൽ നെല്ലിയാടി എന്ന സ്ഥലത്ത് താമസിക്കുന്നു. ഇപ്പോൾ 32 വയസ്സുണ്ട്. എനിക്ക് 17 വർഷത്തോളമായി അസ്ഥിക്കുള്ളിലെ മജ്ജ വറ്റിപ്പോകുന്ന രോഗമായിരുന്നു. തന്മൂലം എനിക്ക് നിവർന്നു നിൽക്കാൻ സാധിക്കില്ലായിരുന്നു. ഇത് ഒരുലക്ഷത്തിൽ ഒരാൾക്ക് വരുന്ന വളരെ അപൂർവ്വമായ രോഗമാണെന്നാണ് ഡോക്ടർ പറഞ്ഞത്. ധാരാളമായി ചികിത്സകളും പ്രാർത്ഥനകളും നടത്തി. പല പുണ്യസ്ഥലങ്ങളും സന്ദർശിച്ചു. എന്നിട്ടും രോഗത്തിന് യാതൊരു മാറ്റവും ഉണ്ടായില്ല. അങ്ങനെയിരിക്കെയാണ് കേരളത്തിലുള്ള ദേവസ്യാ മുല്ലക്കര സാറിനെക്കുറിച്ചും യേശുവിനോടുള്ള പ്രാർത്ഥനയാൽ സാറിലൂടെ അനേകർ അത്ഭുതരോഗശാന്തി പ്രാപിക്കുന്നതും ഞാൻ അറിഞ്ഞത്. ഞാനും സാറിനെ കാണുകയും സാർ എനിക്കുവേണ്ടി യേശുവിനോട് പ്രാർത്ഥിക്കുകയും ചെയ്തു. കർത്താവിന്റെ കൃപയാൽ എനിക്ക് അത്ഭുതാവഹമായ മാറ്റം സംഭവിച്ചുകൊണ്ടിരിക്കുന്നു.

ഗോപാലൻ. നെല്ലിയാടി. സറോളിക്കര. സൗത്ത് കർണ്ണാടക. Ph: 07760332147

# അടിസ്ഥാന ദൈവശാസ്ത്രം

ഭാഗം-2

## knowledge of the truth
## സത്യത്തിന്റെ പരിജ്ഞാനം

ഷ്ഠിച്ച പരമയാഗത്തിന്റെ യോഗ്യതയെ അക്കൂട്ടർ തള്ളിക്കളയുകയും ജനം ആ പൗരോഹിത്യ ശുശ്രൂഷയെ മാനിക്കുകയും ചെയ്യുമ്പോൾ പിശാച് ഒരുക്കിയിരിക്കുന്ന നരകം സ്വന്തമായി അവർ റിസർവ്വ് ചെയ്യുകയാണ്. കൃപായുഗത്തിലെ രക്ഷാദിവസം സുപ്രസാദകാലവും കർത്താവിന്റെ പ്രസാദവർഷവുമാണ് (2 കൊറി.6:2, ലൂക്ക.4:19). ആചാരസിദ്ധാന്തവും കർമ്മസിദ്ധാന്തവും നിയമസിദ്ധാന്തവുമൊക്കെ ദൈവദത്തമായ ന്യായപ്രമാണത്തിൽ പെട്ടവയാണ്. അവ കൊണ്ട് പാപബോധം കിട്ടുമെങ്കിലും പാപമോചനം ലഭിക്കുന്നില്ല. ദൈവം നമ്മോട് കാണിച്ച കൃപാധനപ്രകാരം ലോകസ്ഥാപനത്തിനുമുമ്പെ നമ്മെ ക്രിസ്തുവിൽ തിരെഞ്ഞെടുത്തു (എഫെ.1:4,5). നമ്മെ ദത്തെടുക്കുകയും മുൻനിയമിക്കുകയും ചെയ്തു (എഫെ.1:6). വീണ്ടെടുപ്പിൻ നാളിലേക്ക് പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിരിക്കുന്നു (ഗലാ.1:13,14).

ക്രിസ്തുവിന്റെ രക്തത്താൽ കഴുകപ്പെട്ട് പരിശുദ്ധാത്മാവിനാൽ പ്രേരിപ്പിക്കപ്പെട്ട് മുന്നോട്ടു പോയാൽ 2 പത്രൊ.3:18-ൽ പറയുന്നതുപോലെ "നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്തിലും വളരുവിൻ". പഴയനിയമ പുതിയനിയമ വചനപരിജ്ഞാനം ഇല്ലാത്തവർ സംശയാലുക്കളാണ്. യഹോവസാക്ഷികൾക്കും യേശുനാമക്കാർക്കും അഭിഷേകം അഭിഷേകം എന്നു മാത്രം ആവർത്തിച്ചു പറയുന്നവർക്കും ഒരു ആത്മീയ സന്തുലിതാവസ്ഥ ഇല്ലാതെ അവർ വഞ്ചിക്കപ്പെടുകയാണ്. പിശാച് വേണ്ടതെല്ലാം ചെയ്തുകൊണ്ടിരിക്കുന്നു. ആത്മീയ സന്തുലിതാവസ്ഥ എന്ന വാക്ക് നമുക്ക് ബോധപൂർവ്വം സ്വീകരിക്കാം. എന്നാൽ ക്രിസ്തുവിന്റെ പരിജ്ഞാനത്തിൽ പഥ്യോപദേശങ്ങളാൽ പ്രാർത്ഥനയോടെ വളരുന്നവരെ നാശത്തിനായി കോട്ടിക്കളയുവാൻ സാത്താനും ദുരുപദേശക്കാർക്കും കഴിയുകയില്ല.

കൃപാപരിജ്ഞാനം ഒരിക്കലും പ്രത്യാക്രമണത്തിനൊ ശക്തിപ്രകടനത്തിനൊ ഉള്ളതല്ല. സ്വർഗ്ഗത്തിൽ പോകുവാനുള്ള സുരക്ഷിതത്വബോധവും വിശുദ്ധിയുടെ സൗന്ദര്യവുമാണ്. വിശുദ്ധിയെ കാത്ത് സംരക്ഷിക്കാത്ത കൃപ വ്യാജമാണ്. ആരാധനയുടെ ആത്മനിർവൃതി അക്ഷരാർത്ഥത്തിൽ ഉണ്ടാകുന്നത് ഈ കൃപാപ്രവാഹത്തിൽ എത്തുമ്പോഴാണ്. അപ്പോൾ നാം പുതിയ സൃഷ്ടിയും പുതിയ മനുഷ്യനും ആകും.

2 കൊരി.5:17-ൽ "ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു; പഴയത് കഴിഞ്ഞു പോയി, ഇതാ, അത് സകലതും പുതിയതായിത്തീർന്നിരിക്കുന്നു" എന്ന് നാം വായിക്കുന്നു. ആ പുതിയ മനുഷ്യനാണ്





2015 ആഗസ്റ്റ് മാസം 16-ാം തീയതി കോഴിക്കോട് ചർച്ച് ഓഫ് ഇറ്റേണിറ്റിയുടെ ആഭിമുഖ്യത്തിൽ കോഴിക്കോട് വ്യാപാരഭവനിൽവെച്ച് നടന്ന കൺവെൻഷനിൽ തിരുവല്ലസഭയുടെ ശുശ്രൂഷകനും ഇന്റർനാഷണൽ മിനിസ്ട്രിയുടെ വൈസ്പ്രസിഡന്റുമായ പാ.യേശുദാസ് ദൈവവചനം പ്രസംഗിക്കുന്നു.

# അടിസ്ഥാന ദൈവശാസ്ത്രം

ഭാഗം-2

## knowledge of the truth
## സത്യത്തിന്റെ പരിജ്ഞാനം

ആത്മീയ മനുഷ്യൻ. റോമ.8:14 അനുസരിച്ച് ആത്മാവിനാൽ നടത്തപ്പെടുന്നവനാണ് ആത്മീയൻ. ലൂക്ക.23:43-ലെ അനുതപിച്ച കള്ളൻ ക്രിസ്തുവിന്റെ കൃപയാൽ ക്രൂശിൽ നിന്ന് പറുദീസയിലേക്ക് ഉയരുകയായിരുന്നു. ന്യായവിധിയുടെ വാളിന്റെ കീഴെ നിന്ന്, നാലുനാളായിട്ടും കല്ലറക്കുള്ളിലെ നാറ്റത്തിൽ നിന്ന് യേശുകർത്താവ് അവരെയും അതുപോലെ നമ്മളെയും ആത്മാവിന്റെ സ്വാതന്ത്ര്യം തന്ന് ഉയർത്തുകയാണ് ചെയ്തത്. ഇതാണ് പാപത്തിന്റെ പ്രമാണത്തിൽ നിന്ന് ജീവന്റെ ആത്മാവിനാലുള്ള സ്വാതന്ത്ര്യം. "കർത്താവ് ആത്മാവാകുന്നു. കർത്താവിന്റെ ആത്മാവുള്ളിടത്ത് സ്വാതന്ത്ര്യം ഉണ്ട്" (2 കൊരി.3:17).

യോഹ.8-ൽ 1-മുതൽ 11 വരെയുള്ള വാക്യങ്ങളിൽ വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീക്ക് കല്ലെറിഞ്ഞുകൊല്ലാനുള്ള ശിക്ഷ വിധിക്കപ്പെട്ട് (ലേവ്യ.20:10, ആവ.22:22) ന്യായവിധി നടത്തപ്പെടുവാൻ തുനിയുമ്പോഴാണ് കൃപാപൂർണ്ണനായ യേശുവിന്റെ മുമ്പിൽ അവരെത്തുന്നത്. അപ്പോൾ യേശു ചിലത് വിരൽതുമ്പുകൊണ്ട് എഴുതിക്കൊണ്ടിരിക്കുകയായിരുന്നു. കല്ലെറിയാൻ വന്നവരുടെ പാപങ്ങളുടെ ലിസ്റ്റ് ആയിരുന്നു എഴുതിയിരുന്നതെന്ന് കരുതാം. പാപമില്ലാത്തവർ കല്ലെറിയട്ടെ എന്നു പറഞ്ഞുകൊണ്ട് വീണ്ടും യേശു എഴുതുന്നു. ന്യായപ്രമാണം സമ്പൂർണ്ണമായി നിവർത്തിച്ച യേശുക്രിസ്തുവിൽ പരിശുദ്ധാത്മാവു നിറഞ്ഞ് ഞാൻ നിനക്ക് ശിക്ഷ വിധിക്കുന്നില്ല മേലാൽ പാപം ചെയ്യരുത് എന്ന് കല്പിച്ച് അവളെ പറഞ്ഞയക്കുകയായിരുന്നു.

ന്യായപ്രമാണം രക്ഷക്കുവേണ്ടി നിർദ്ദേശിച്ചതാണെങ്കിലും ദൈവാത്മാവിനാൽ നയിക്കപ്പെടുന്ന ദൈവസഭക്ക് അവയൊന്നും ആവശ്യമില്ല. നാം മാനസാന്തരപ്പെടുന്ന സമയത്ത് പാപപ്രകൃതം ദൈവാത്മാവ് നമ്മിൽ നിന്ന് മുറിച്ചുമാറ്റുന്നതിനാൽ അതാണ് സാക്ഷാൽ പരിഛേദനം. കൈകൊണ്ടല്ല അത് പ്രാപിക്കുന്നത് ഹൃദയത്തിലാണ്. ന്യായപ്രമാണപ്രകാരമുള്ള പരിഛേദന ഇനി ആവശ്യമില്ല. പുതിയനിയമത്തിലെ യേശുക്രിസ്തു ദൈവത്തിന് പ്രസാദകരമായ പൂർണ്ണയാഗമായി മരിച്ചതിനാൽ നാം ഇനി പക്ഷികളെയോ മൃഗങ്ങളെയൊ സാധനങ്ങളെയൊ യാഗം കഴിക്കേണ്ട ആവശ്യമില്ല. യേശുവിന്റെ നാമത്തെ ഏറ്റുപറയുന്ന സ്തോത്രം എന്ന യാഗം അർപ്പിച്ചാൽ മതി (ഹെബ്രാ.13:15). ദൈവം ഇസ്രയേൽ ജനത്തിന് 7-ാം ദിവസം സ്വസ്ഥതയുടെ ദിവസമായി ആരാധനക്ക് നൽകിയെങ്കിൽ നാം യേശുക്രിസ്തുവിന്റെ കൂടെ ആയതുകൊണ്ട് സമ്പൂർണ്ണമായ ആത്മീയസ്വസ്ഥതയിൽ ആകയാൽ വേറൊരു ശബ്ബത്ത് നമുക്കില്ല. ഞായറാഴ്ച ക്രിസ്തു ഉയിർത്തെഴുന്നേറ്റ ദിവസവുമാണ്, ഇന്റർനാഷണൽ ഹോളിഡേയുമാണ്.

ലോകത്തിൽ ഏറ്റവും വലിയ ആത്മീയസന്തോഷം ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിക്കുമ്പോഴാണ് ലഭിക്കുന്നത്. പള്ളിയമ്പലപെരുന്നാളുകളുടെ സന്തോഷവും പഴയനിയമത്തിലേതിനു തുല്യമായ ഉത്സവപെരുന്നാളുകളും ദൈവസഭയിൽ അനാവശ്യകർമ്മങ്ങളാണ്.

പൗരോഹിത്യ സമ്പ്രദായവും ദൈവസഭക്കില്ല. സെഖര്യാവിന്റെ മകനായ യോഹന്നാൻ സ്നാപകൻ പുരോഹിതനായി ദേവാലയത്തിൽ ശുശ്രൂഷയൊന്നും ചെയ്തില്ല. ധൂപവർഗ്ഗം അർപ്പിക്കുകയൊ പുരോഹിതവസ്ത്രം ധരിക്കുകയൊ ചെയ്തില്ല. യാഗങ്ങളും നടത്തിയില്ല. ഒട്ടകരോമം കൊണ്ടുള്ള വസ്ത്രവും ധരിച്ച് ഇസ്രയേൽ ദേശത്തൊക്കെ മാനസാന്തരവും പ്രസംഗിച്ച് ആയിരങ്ങളെ ജോർദ്ദാൻ നദിയിൽ സ്നാനപ്പെടുത്തുകയായിരുന്നു. നമ്മുടെ രക്ഷാ നായകനായ ക്രിസ്തുവും ലേവി ഗോത്രത്തിൽ നിന്നുള്ളവനല്ല. ഒരിക്കൽ പോലും പൗരോഹിത്യ വസ്ത്രം ധരിക്കാത്ത യേശുക്രിസ്തു ദേവാലയത്തിൽ യാഗകർമ്മങ്ങൾ നിർവ്വഹിച്ചില്ല. ജനിച്ചതും യഹൂദാഗോത്രത്തിലാണ്.

പുതിയനിയമത്തിൽ പൗരോഹിത്യമില്ല. ക്രിസ്തു മഹാപുരോഹിതനും വിശ്വാസികളെല്ലാം രാജകീയ പുരോഹിതഗണവുമാണ്. യേശുക്രിസ്തുവിന്റെ മരണസമയത്ത് ദേവാലയത്തിന്റെ തിരശ്ശീല തനിയെ ചീന്തിപോയത് പഴയനിയമപൗരോഹിത്യ ക്രമത്തിന് അവസാനം വരുത്തുകയായിരുന്നു. ക്രിസ്തുവിന് ശേഷം രണ്ടായിരം വർഷം കഴിയുമ്പോഴും പല തരത്തിലുള്ള ബാബിലോണ്യ വിജാ




തീയ സമ്പ്രാദയങ്ങളോ ആചാരങ്ങളും പഴയനിയമ സമ്പ്രദായങ്ങളും പിശാച് കയറ്റിക്കൊണ്ടുവന്ന് അവയെ കുത്തിനിറച്ചിരിക്കുകയാണ്. 2 കൊരി.6:14 മുതൽ 17 വരെയുള്ള വാക്യങ്ങളിൽ യഥാർത്ഥ വിശ്വാസികൾ വിജാതികളുടെ ഇടയിൽ നിന്നും എന്നന്നേക്കുമായി വിട്ടുപോന്നാൽ ദൈവം നമ്മുടെ പിതാവും നാം അവിടുത്തെ മക്കളുമാകും എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

**പഴയനിയമയാഗങ്ങളും ക്രിസ്തുവിന്റെ വീണ്ടെടുപ്പുവേലയും**

ലേവ്യാ പുസ്തകം 6-ാം അദ്ധ്യായത്തിൽ പഴയനിയമ യാഗങ്ങളെ ഓരോന്നോരോന്നായി അവതരിപ്പിച്ചിരിക്കുന്നു.

1. ഹോമയാഗം (ലേവ്യാ.6:8-13).
2. ഭോജനയാഗം (14-18).
3. പാപയാഗം (24-30).
4. അകൃത്യയാഗം (7:1-7).
5. സമാധാനയാഗം (7:11-21).

**1. ഹോമയാഗം:**

രാത്രി മുഴുവനും യാഗപീഠത്തിലെ തീ കെട്ടുപോകാതെ നിരന്തരം കത്തിക്കൊണ്ടിരിക്കണം. ആ തീ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിയ അഗ്നിയാണെന്ന് പുറ.9:23-ൽ കാണുന്നു. "തീ ഭൂമിയിലേക്ക് പാഞ്ഞിറങ്ങി". ആ തീയെങ്ങാനും കെട്ടുപോയാൽ പിന്നെ അന്യാഗ്നി വേണ്ടി വരും. ലേവ്യാപുസ്തകം 10-ാം അദ്ധ്യായത്തിൽ 1-ാം വാക്യത്തിൽ "അന്യാഗ്നി യഹോവയുടെ സന്നിധിയിൽ കൊണ്ടു വന്നു". പക്ഷെ ദൈവത്തിന് അന്യാഗ്നി ഇഷ്ടമല്ലായിരുന്നു. ഈ ഹോമയാഗമാകുന്ന നിഴൽ യേശുക്രിസ്തുവിൽ പൊരുളായി നിവർത്തിയായി. ക്രിസ്തുവിന്റെ വീണ്ടെടുപ്പുവേലയുടെ നിഴലായിരുന്നു അത്. ആദ്യമനുഷ്യനായിരുന്ന ആദാം പാപം ചെയ്തപ്പോൾതന്നെ വീണ്ടെടുപ്പുവേലയും വീണ്ടെടുപ്പുകാരനെയും ദൈവം പ്രഖ്യാപിച്ചിരുന്നു. "ഞാൻ നിനക്കും സ്ത്രീക്കും നിന്റെ സന്തതിക്കും അവളുടെ സന്തതിക്കും തമ്മിൽ ശത്രുത്വം ഉണ്ടാക്കും. അവൻ നിന്റെ തല തകർക്കും. നീ അവന്റെ കുതികാൽ തകർക്കും" (ഉല്പ.3:15). ആ പ്രവചന വാക്യത്തിലൂടെ നൂറ്റാണ്ടുകൾക്കുശേഷം നടക്കേണ്ട ക്രിസ്തുവിന്റെ വീണ്ടെടുപ്പുവേലക്ക് നിഴലായി ചില യാഗങ്ങൾ ചെയ്യിക്കുകയായിരുന്നു.

**2. ഭോജനയാഗം:**

ഹോമയാഗം കൂടാതെ ഭോജനയാഗവും ഉണ്ടായിരുന്നു. ഭോജനയാഗം ഭക്ഷിക്കുവാനുള്ളതാണ്. സ്ഥലവും തിന്നുന്നവരും വിശുദ്ധരായിരിക്കണം. ഇതും ക്രിസ്തുവിന്റെ നിഴൽ തന്നെയായിരുന്നു. വിശ്വാസംമൂലം ക്രിസ്തുവിനെ അനുഭവിക്കുന്നവരാണ് വിശുദ്ധിയിൽ അവനോട് അനുരൂപരാകണം എന്ന നിലയിൽ എത്തുന്നത്. "അഹറോന്റെ പുത്രന്മാർ യഹോവയുടെ സന്നിധിയിൽ യാഗപീഠത്തിന്റെ മുമ്പിൽ അത് അർപ്പിക്കണം. ഭോജനയാഗത്തിന്റെ നേരിയ മാവിൽ നിന്നും എണ്ണയിൽ നിന്നും കൈ നിറച്ചും ഭോജനയാഗത്തിൻ മേലുള്ള കുന്തിരിക്കം മുഴുവനും എടുത്ത് നിവേദ്യമായി യാഗപീഢത്തിന്മേൽ യഹോവക്ക് സൗരഭ്യവാസനയായി ദഹിപ്പിക്കണം. അതിന്റെ ശേഷിപ്പ് അഹറോനും പുത്രന്മാരും തിന്നണം. ഒരു വിശുദ്ധസ്ഥലത്തുവെച്ച് അത് പുളിപ്പില്ലാത്തതായി തിന്നണം" (ലേവ്യാ.6:14-16). യേശുക്രിസ്തുവിന്റെ ആത്മാവും ജീവനും നൽകുന്ന വചനത്തെ ആവോളം ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യണം എന്നതാണ് ഈ ഭോജനയാഗമെന്ന നിഴലിന്റെ പൊരുൾ.

**3. പാപയാഗം:** (ലേവ്യാ.6:24-30).

"യഹോവ പിന്നെയും മോശയോട് അരുളിച്ചെയ്തു: നീ അഹരോനോടും പുത്രന്മാരോടും പറയേണ്ടതെന്തെന്നാൽ പാപയാഗത്തിന്റെ പ്രമാണമാവിത് : ഹോമയാഗമൃഗത്തെ അറക്കുന്ന സ്ഥലത്തുവച്ച് പാപയാഗമൃഗത്തെയും യഹോവയുടെ സന്നിധിയൽ അറക്കണം. അത് അതിവിശുദ്ധം. പാപത്തിനുവേണ്ടി അത് അർപ്പിക്കുന്ന പുരോഹിതൻ അത് തിന്നണം. സമാഗമനകൂടാരത്തിന്റെ പ്രാകാരത്തിൽ ഒരു വിശുദ്ധസ്ഥലത്തു വച്ച് അത് തിന്നണം" (ലേവ്യാ.6:24-26). ക്രിസ്തു എന്ന ജീവന്റെ അപ്പമാണ് ഈ പാപയാഗത്തിന്റെ പൊരുൾ. ക്രിസ്തുവന്റെ രക്തത്താലാണ് വിശ്വാസി തളിക്കപ്പെടുന്നത്. വചനമാകുന്ന വെള്ളംകൊണ്ടാണ് വിശ്വാസിയെ കഴുകുന്നത്. പാപാഗം എന്ന നിഴലിന്റെ പൊരുളാണ് ഇവ.

**4. അകൃത്യയാഗം:**

"അകൃത്യയാഗത്തിന്റെ പ്രമാണമാവിത് : അത് അതിവിശുദ്ധം. ഹോമയാഗമൃഗത്തെ അറക്കുന്ന സ്ഥലത്തുവച്ച് അകൃത്യയാഗമൃഗത്തെയും അറക്കണം.




അതിന്റെ രക്തം യാഗപീഠത്തിൻമേൽ ചുറ്റും തളിക്കണം". (ലേവ്യാ.7:1,2). പാപയാഗവും അകൃത്യയാഗവും സാമ്യമുള്ളതു തന്നെ. ക്രിസ്തുവിന്റെ ക്രൂശിതമരണം മത്താ.16:21 അനുസരിച്ച് ഒരു കൊലപാതകം തന്നെയായിരുന്നു. മത്താ.17:8-ലും ലൂക്ക. 23:33-ലും മർക്കോ.15:28-ലും അധർമ്മികളുടെ കൂട്ടത്തിൽ അവനെ എണ്ണി എന്നത് ഉൾപ്പെടെ ക്രൂശിതമരണം എന്ന അകൃത്യയാഗത്തെയും അതിന്റെ സൗരഭ്യവാസനയെയും നാം വായിച്ചറിയുന്നു. പാപയാഗവും അകൃത്യയാഗവും പാളയത്തിനുവെളിയിൽ വച്ച് ചുട്ടുകളയുന്നതിന്റെ നിവർത്തീകരണമാണ്. ഇതും ക്രിസ്തുവന്റെ ക്രൂശിതമരണത്തിന്റെ നിഴലാണ്.

**5. സമാധാനയാഗം:**

അന്നത്തെ പുരോഹിതന്മാർ ഇന്നത്തെ കർത്താവിന്റെ വേലക്കാരെ പ്രതിനിധാനം ചെയ്യുന്നു. സമാധാനയാഗത്തിന്റെ പ്രധാനഭാഗം ദൈവത്തിനുള്ളതാണെങ്കിലും കൈക്കുറകും നെഞ്ചും പുരോഹിതനുള്ളതായിരുന്നു. "പുരോഹിതൻ മേദസ്സ് യാഗപീഠത്തിൻമേൽ ദഹിപ്പിക്കണം; എന്നാൽ നെഞ്ചും കൈക്കുറകും അഹരോനും പുത്രന്മാർക്കുമായിരിക്കണം. നിങ്ങളുടെ സമാധാനയാഗത്തിന്റെ വലത്തെ കൈക്കുറക് ഉദർച്ചാർപ്പണത്തിനായി നിങ്ങൾ പുരോഹിതന്റെ പക്കൽ കൊടുക്കണം" (ലേവ്യാ.7:31,32) തന്റെ ശുശ്രൂഷകന്മാരെ തീറ്റിപ്പോറ്റുവാൻ യേശു മതിയായവനാണ്. എഫേ.5-ൽ 2-ാം വാക്യത്തിൽ ക്രിസ്തു നിങ്ങളെ സ്നേഹിച്ച് നമുക്കുവേണ്ടി ദൈവത്താൽ തന്നെത്താൻ സൗരഭ്യവാസനയായ വഴിപാടും യാഗവുമായ് അർപ്പിച്ചു. 1 കൊരി.10:16,17,18-ൽ നാം അനുഗ്രഹിക്കുന്ന അനുഗ്രഹപാത്രം ക്രിസ്തുവിന്റെ രക്തത്തിന്റെ കൂട്ടായ്മ അല്ലയോ ? നാം നുറുക്കുന്ന അപ്പം ക്രിസ്തുവിന്റെ ശരീരത്തിന്റെ കൂട്ടായ്മ അല്ലയോ ? റോമ.8:3-ൽ ദൈവം തന്റെ പുത്രനെ പാപജഡത്തിന്റെ സാദൃശ്യത്തിലും പാപം നിമിത്തവും അയച്ചു. പാപത്തിനു ജഡത്തിൽ ശിക്ഷ വിധിച്ചു.

ഈ അഞ്ചുതരം യാഗങ്ങളിലും കരപൂരണയാഗത്തിലും (ലേവ്യ.7:37) യാഗങ്ങളുടെ പൊരുളായി ക്രിസ്തുവിനെ നാം കാണുന്നു.

മെതിക്കുന്ന കാളക്ക് മുഖകൊട്ട കെട്ടരുത് എന്ന് മോശയുടെ ന്യായപ്രമാണത്തിൽ എഴുതിയിരിക്കുന്നവല്ലൊ (ആവ.25:4). ദൈവം കാളക്കുവേണ്ടിയോ ചിന്തിക്കുന്നത്. അല്ല, കേവലം നമുക്കുവേണ്ടി പറയുന്നതോ? അതെ, ഉഴുന്നവൻ ആശയോടെ ഉഴുകയും മെതിക്കുന്നവൻ പതം കിട്ടുമെന്നുള്ള ആശയോടെ മെതിക്കുകയും വേണ്ടതാകയാൽ നമുക്കുവേണ്ടി എഴുതിയിരിക്കുന്നതത്രെ (1 കൊറി.9:9,10). അതുപോലെതന്നെ സങ്കീ.144:14-ൽ ഞങ്ങളുടെ കാളകൾ ചുമടു ചുമക്കട്ടെ; മതിൽ തകർക്കുന്നതും പടക്കു പുറപ്പെടുന്നതും ഞങ്ങളുടെ വീഥികളിൽ നിലവിളിയും ഇല്ലാതിരിക്കട്ടെ.

ഈ രണ്ട് തിരുവെഴുത്തുകളിലും കാളയേക്കുറിച്ചുള്ള പരാമർശം ഉണ്ടല്ലൊ. കാളയുടെ സവിശേഷത അത് യജമാനനെ പൂർണ്ണമായും അനുസരിക്കും. ഏതു ഭാരങ്ങളും കഷ്ട



Training & Equipping men and women to be harvesters in the Master's field

2015 ഓഗസ്റ്റ് 25 മുതൽ 29 വരെ പുളിങ്ങോത്തുള്ള ആത്മാഭിഷേകം വചനാശ്രമത്തിൽ നടന്ന വചനപരിശീലന ധ്യാനത്തിൽ നിന്ന്




പ്പാടുകളും സഹിക്കും. ക്രിസ്തുവും സകല കഷ്ടപ്പാടുകളും സഹിച്ചു. ക്രിസ്തുവിൽ നന്നായി വിശ്വസിക്കുന്ന എല്ലാവരും എല്ലാം നല്ലപോലെ സഹിക്കേണ്ടി വരുന്നു. ഹോമയാഗത്തിനുള്ള എല്ലാ ജീവികളും നമ്മുടെ കർത്താവിന്റെ നിഴലുകളാണ്.

ഏശ.53:7-ൽ കൊല്ലുവാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപോലെയും എന്നും രോമം കത്രിക്കുന്നവരുടെ മുമ്പിൽ മിണ്ടാതിരിക്കുന്ന ആടിനേപ്പോലെയും അവൻ വായ് തുറക്കാതെയും അതുപോലെ തന്നെ അപ്പൊ.8:32 -ൽ അറക്കുവാനുള്ള ആടിനേപ്പോലെ അവനെ കൊണ്ടു പോയി. രോമം കത്രിക്കുന്നവന്റെ മുമ്പാകെ മിണ്ടാതിരിക്കുന്ന കുഞ്ഞാടിനേപ്പോലെഅവൻ വായ് തുറക്കാതിരുന്നു എന്നുമുള്ള ഈ രണ്ട് തിരുവെഴുത്തുകളും നമുക്ക് നൽകുന്നത് യേശുക്രിസ്തുവാകട്ടെ തന്റെ ക്രൂശുമരണം അല്പം പോലും എതിർപ്പുകൂടാതെ അഭിമുഖീകരിച്ചു എന്നതാണ്.

ഹോമയാഗത്തിന് അറുത്ത ജീവികൾ കോലാടും കുറുപ്രാവും ആണ്. ചന്തമായ നടപ്പിന് ദൃഷ്ടാന്തമായ കോലാട് (സദൃശ.30:29,30) ഇടത്തു നിൽക്കുന്ന ശപിക്കപ്പെട്ട പാപികളുടെ പൊരുളാണ് (മത്താ.25:33). നമുക്കു വേണ്ടി ശാപമായിത്തീർന്ന യേശുക്രിസ്തു തന്നെയാണ് ഈ കോലാട്. കുറുപ്രാവ് അല്ലെങ്കിൽ പ്രാവിനു തുല്യമെന്ന് പറയുന്നത് ദരിദ്രന്മാരുടെ യാഗവസ്തുക്കളാണ്. എപ്പോഴും സങ്കടപ്പെട്ട് നിലവിളിക്കും. “ഞാൻ പ്രാവു പോലെ കുറുകി. എന്റെ കണ്ണ് ഉയരത്തിലേക്ക് നോക്കി ക്ഷീണിച്ചിരിക്കുന്നു” (ഏശ.38:14). “പ്രാവുകളേപ്പോലെഏറ്റവും കുറുകുന്നു. ഞങ്ങൾ ന്യായത്തിനായി



എന്റെ പേര് സാജൻ. ഞാൻ കണ്ണൂർ ജില്ലയിൽ ഇരിട്ടിക്കടുത്ത് കുളക്കാട് എന്ന സ്ഥലത്ത് താമസിക്കുന്നു. എന്റെ വായ്ക്കകത്ത് മോണയിൽ പൂപ്പൽപോലെ വള്ളനിറത്തിൽ രണ്ട് വർഷത്തോളമായി പാടുകൾ കണ്ടുവരുന്നു. എനിക്ക് എന്തങ്കിലും മാരകമയ രോഗമാണൊ എന്ന് ഞാൻ ഭയപ്പെട്ടിരുന്നു. എങ്കിലും ജീവിക്കുന്ന ക്രിസ്തുവിൽ ആശ്രയിക്കാൻ ഞാൻ തീരുമാനിച്ചു. അങ്ങനെ ദേവസ്യാ മുല്ലക്കരസാറിന്റെ പ്രാർത്ഥനാ ശുശ്രൂഷയിൽ ഞാൻ പങ്കെടുത്തു. സാർ എനിക്കുവേണ്ടി പ്രാർത്ഥിക്കുകയും പ്രാർത്ഥനയ്ക്കുശേഷം പൂർണ്ണമായി സൗഖ്യമാവുകയും ചെയ്തു. അനുഗ്രഹിച്ച കർത്താവിനെ ഞാൻ ആരാധിക്കുന്നു. മഹത്വപ്പെടുത്തുന്നു. സാജൻ. കുളക്കാട്. ഇരിട്ടി. കണ്ണൂർ. Ph: 9656899125

**വിദേശത്തുനിന്നും ആത്മാഭിഷേകം പ്രോഗ്രാമുകളെ സഹായിക്കുവാൻ ആഗ്രഹിക്കുന്നവർ ദയവായി താഴെ എഴുതിയ കാര്യങ്ങൾ ശ്രദ്ധിക്കണമെ**

വിദേശകറൻസി ആയിട്ടു മാത്രം സഹായം സ്വീകരിക്കാവുന്ന FCRA അക്കൗണ്ട്
(ഇന്ത്യൻ കറൻസിയൊ കൺവർട്ട് ചെയ്ത ഇന്ത്യൻ മണിയൊ അയയ്ക്കാൻ പാടില്ല)

| | | |
|---|---|---|
| Account name | : | Church of Eternity |
| Account No. | : | 5020 0000 967756 |
| Bank Name | : | HDFC |
| Branch | : | Vazhakala, Ernakulam, Kerala, S.India |
| IFSC Code | : | HDFC 000 1508 |
| SWIFT Code | : | HDFC INBB |
| FCRA No. | : | 052 850 563 (Current Account) |

ട്രസ്റ്റുകളുടെ പേരിൽ സഹായം അയയ്ക്കുവാൻ അനുവാദമില്ലാത്ത രാജ്യങ്ങളിൽ നിന്നും ഇന്ത്യൻ മണിയിലേക്ക് കൺവർട്ട് ചെയ്ത് ഈ അക്കൗണ്ടിലേക്ക് അയയ്ക്കാവുന്നതാണ്.

| | | |
|---|---|---|
| Account name | : | Devasia M.V |
| Account No. | : | 10340100190147 |
| Bank Name | : | Federal Bank |
| Branch | : | Thrikkakara, Ernakulam, kerala, S.India |
| IFSC Code | : | FDRL 0001034 |
| SWIFT Code | : | FDRLINBBIBD |




കാത്തിരിക്കുന്നു" (ഏശ.51:11).

**മേദസ്സും, കുടലും, കാലും**

മേദസ്സ് ശരീരത്തിന് ഉന്മേഷമുള്ള ഭാഗമാണ്. കുടൽ ഹൃദയവികാരങ്ങളെ പ്രതിനിധീകരിക്കുന്നു. തന്നെയല്ല കുടൽ വയറിനുള്ളിൽ രഹസ്യമായി കിടക്കുന്നു. രഹസ്യങ്ങളെല്ലാം കാണുന്നത് കർത്താവാണ്. കാലുകൾ ക്രിസ്തുവിന്റെ നിർമ്മലമായ നടപ്പിനെ കാണിക്കുന്നു. ക്രിസ്തുവിന്റെ നിഴലുകളാണ് അവയെല്ലാം.

പാപയാഗത്തിൽ നിന്ന് ഒഴിവുള്ളവരായി ആരും തന്നെ ഉണ്ടായിരുന്നില്ല. പുരോഹിതൻ (ലേവ്യാ.4:3) സഭ മുഴുവൻ (ലേവ്യാ.4:13) സാമാന്യ ജനങ്ങളും പ്രമാണിമാരും (4:22,27). ഇവരെല്ലാം പാപത്തിൻ കീഴാണ്. സകല ജഢവും ഭൂമിയിൽ തന്റെ വഴി വഷളാക്കിയിരിക്കുന്നു. റോമ.3:12-ൽ ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്തു. ഈ പാപങ്ങൾക്കെല്ലാം മറുപടി നൽകിയത് യേശുക്രിസ്തുവാണ്. ഏശ.53:10-ൽ അവന്റെ പ്രാണൻ ഒരു അകൃത്യയാഗമായി ത്തീർന്നു എന്ന് യേശുവിനേക്കുറിച്ച് കാണുന്നു.

രക്ഷാനിർണ്ണയം പ്രാപിക്കുവാൻ ക്രിസ്തുവിന്റെ ക്രൂശിതമരണം എന്ന യാഗത്തിൽ ഞാൻ വിശ്വസിക്കുന്നു. പഴയനിയമകാലയാഗങ്ങളും ഇന്നു വിവധ മതങ്ങളിൽ നടക്കുന്ന കുർബ്ബാനയുൾപ്പെടെയുള്ള യാഗങ്ങളും സ്വർഗ്ഗത്തിലെ ദൈവം ഒരിക്കലും അംഗീകരിക്കുകയില്ല. "ആ ഇഷ്ടത്തിൽ നാം, യേശുക്രിസ്തു ഒരിക്കലായി കഴിച്ച ശരീരയാഗത്താൽ വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു. ഏതു പുരോഹിതനും ദിവസേന ശുശ്രൂഷിച്ചും പാപങ്ങളെ പരിഹരിപ്പാൻ ഒരുനാളും കഴിയാത്ത അതേ യാഗങ്ങളെ കൂടെക്കൂടെ കഴിച്ചുംകൊണ്ടും നിൽക്കുന്നു. യേശുവൊ പാപങ്ങൾക്കു വേണ്ടി ഏകയാഗം കഴിച്ചിട്ട് എന്നേക്കും ദൈവത്തിന്റെ വലതുഭാഗത്ത് ഇരുന്നുകൊണ്ട് തന്റെ ശത്രുക്കൾ തന്റെ പാദപീഠമാകുവോളം കാത്തിരിക്കുന്നു. ഏകയാഗത്താൽ അവൻ വിശുദ്ധീകരിക്കപ്പെടുന്നവർക്ക് സദാകാലത്തേക്കും സൽഗുണപൂർത്തി വരുത്തിയിരിക്കുന്നു. അത് പരിശുദ്ധാത്മാവും നമുക്ക് സാക്ഷീകരിക്കുന്നു" (ഹെബ്രാ.10:14). പുതിയനിയമസഭയിൽ ബലിയർപ്പിക്കുന്ന പുരോഹിതന്മാരില്ല.

പഴയനിയമകാലത്ത് പാപപരിഹാരബലിയർപ്പിച്ചിരുന്ന പുരോഹിതന്മാരുണ്ടായിരുന്നു. നാം നേരത്തെ കണ്ടതുപോലെ അവർ ദൈവജനത്തിന്റെ പാപമോചനത്തിനുവേണ്ടി മൃഗങ്ങളെ കൊന്ന് ബലിപീഠത്തിന്മേൽ രക്തം തളിച്ചിരുന്നു. അതിനാൽ ഇന്ന് അൾത്താര എന്നു പറയുന്ന ബലിപീഠം അന്നുണ്ടായിരുന്നു. ലേവ്യ.21:13 അനുസരിച്ച് അന്ന് പുരോഹിതന് വിവാഹമുണ്ടായിരുന്നു. ലേവ്യാഗോത്രത്തിലെ അഹരോനും തന്റെ സന്തതികൾക്കും മാത്രമാണ് ഇത്തരം പൗരോഹിത്യം കർത്താവ് നൽകിയത്. മറ്റുഗോത്രങ്ങളിൽ ജനിക്കുന്നവർക്ക് പുരോഹിതരാകുവാൻ കഴിയുമായിരുന്നില്ല. അന്ന് പുരോഹിതന് പുരോഹിതവസ്ത്രമുണ്ടായിരുന്നു. പുരോഹിത അഭിഷേകമുണ്ടായിരുന്നു, ധൂപം പുകയ്ക്കലുമുണ്ടായിരുന്നു. ഇനി ക്രിസ്തുവിലേക്ക് എല്ലാ പൗരോഹിത്യവും ക്രോഡീകരിക്കപ്പെട്ടതുകൊണ്ട് യാതൊരു പൗരോഹിത്യവും നിലനിൽക്കുന്നില്ല.

പുതിയ നിയമ സഭയിൽ ഇനി നിത്യേന ആവർത്തിച്ചർപ്പിക്കുന്ന ബലിയോ അത് അർപ്പിക്കുന്ന പുരോഹിതന്മാരൊ ഇല്ല. യേശുക്രിസ്തുവിന്റെ കുരിശുമരണത്തോടെ പാപപരിഹാരബലികൾ എന്നന്നേക്കുമായി അവസാനിച്ചു. ഹെബ്രാ.10:18-ൽ എന്നാൽ പാപങ്ങളുടെ മോചനം ഉള്ളയിടത്ത് ഇനിമേൽ പാപങ്ങൾക്കു വേണ്ടി ഒരു യാഗവും ആവശ്യമില്ല. യേശു ക്രൂശിൽ അർപ്പിച്ച ഏകബലിയിൽ വിശ്വസിക്കുന്നവർക്ക് യേശു പാപമോചനം കൊടുത്ത് അവരെ വിശുദ്ധരും പരിപൂർണ്ണരുമാക്കുന്നു (ഹെബ്രാ.10:10,14).

ആ ഇഷ്ടത്തിൽ നാം യേശുക്രിസ്തു ഒരിക്കലായി കഴിച്ച ശരീരയാഗത്താൽ വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു, ഏകയാഗത്താൽ അവൻ വിശുദ്ധീകരിക്കപ്പെടുന്നവർക്ക് സദാകാലത്തേക്കും സൽഗുണപൂർത്തി വരുത്തിയിരിക്കുന്നു. അതുകൊണ്ട് ഇനി കടങ്ങളുടെ മോചനത്തിനും പാപങ്ങളുടെ പൊറുതിക്കുമായി പുരോഹിതരാൽ അർപ്പിക്കപ്പെടുന്ന ബലി ഇല്ലേ ഇല്ല. ബലിപീഠവും പുരോഹിതനും പുരോഹിതവസ്ത്രവും ധൂപം പുകയ്ക്കലും നിത്യേന ആവർത്തിക്കുന്ന കുർബ്ബാനയും എന്നേക്കുമായി നീക്കിക്കളഞ്ഞ് യേശുക്രിസ്തു പുതിയ ഉടമ്പടി എന്നേക്കുമായി സ്ഥാപിച്ചു.

# അടിസ്ഥാന ദൈവശാസ്ത്രം

ഭാഗം-2

knowledge of the truth
സത്യത്തിന്റെ പരിജ്ഞാനം

ഹെബ്രാ.7:18-ൽ മുമ്പിലത്തെ കല്പനക്ക് അതിന്റെ ബലഹീനതയും നിഷ്പ്രയോജനവും നിമിത്തം നീക്കവും നാം ദൈവത്തോടു അടുക്കുന്നതിനുള്ള ഏറെ നല്ല പ്രത്യാശയ്ക്കു സ്ഥാപനവും വന്നിരിക്കുന്നു. ന്യാപ്രമാണത്താൽ ഒന്നും പൂർത്തി പ്രാപിച്ചിട്ടില്ലല്ലൊ.

ഇന്നത്തെ പുരോഹിതരും അവരുടെ കുർബ്ബാനകളും ഈ അടിസ്ഥാന ബൈബിൾ സത്യത്തെ നിഷേധിക്കുകയാണ്. കൂദാശകളിൽ വച്ച് ഏറ്റവും വചനനിഷേധിയായ കുർബ്ബാനയെന്ന കൂദാശ തികച്ചും പൈശാചികവും ദൈവജനത്തിന് നരകശിക്ഷ ഉണ്ടാകുവാൻ പര്യാപ്തവുമാണ്. ഹെബ്രാ.7:24-ൽ പറയുന്നു "ഇവനോ എന്നേക്കുമിരിക്കുന്നതുകൊണ്ട് മാറാത്ത പൗരോഹിത്യമാകുന്നു പ്രാപിച്ചിരിക്കുന്നത്". ആ വചനം POC ബൈബിളിലെത്തുമ്പോൾ "യേശുവാകട്ടെ എന്നേക്കും നിലനിൽക്കുന്നതുകൊണ്ട് അവന്റെ പൗരോഹിത്യം കൈമാറ്റം ചെയ്യപ്പെടുന്നില്ല". ഇതാണ് സത്യമെന്നിരിക്കെ യഥാർത്ഥ പൗരോഹിത്യത്തിന്റെ പദവികൾ കൈവയ്പ്പുവഴി നൽകപ്പെടുന്നു എന്ന് കുർബ്ബാനപുസ്തകത്തിലെ 61-ാം പേജിൽ എഴുതിയിരിക്കുന്നത് തികച്ചും വ്യാജമാണ്.

2 യോഹ.9-ാം വാക്യത്തിൽ "ക്രിസ്തുവിന്റെ പ്രബോധനത്തിൽ നിലനിൽക്കാതെ അതിനെ അതിലംഘിച്ച് മുന്നോട്ടു പോകുന്ന ഒരുവനും ദൈവമില്ല". ഗലാ.6:7-ൽ "ദൈവത്തെ കബളിപ്പിക്കാനാവില്ലെന്ന്" കാണുന്നു. പുറ.28,29 അദ്ധ്യായങ്ങളിൽ പുരോഹിതവസ്ത്രങ്ങളിലെ നീളക്കുപ്പായങ്ങൾ നാം കാണുന്നു. അതിന്റെ വെണ്മനിറം ക്രിസ്തുവിന്റെ വിശുദ്ധിയെ കാണിക്കുന്നു. പുറ.28-ൽ 33 മുതൽ 35 വരെ കാണുന്ന നിലയങ്കി കർത്താവിലടങ്ങിയിരിക്കുന്ന സ്വർഗ്ഗീയ കൃപകളെ ഓർമ്മിപ്പിക്കുന്നു. ഇനിയൊരു ബലിയർപ്പിക്കുവാൻ ഞാൻ വരുമൊ ഇല്ലയൊ എന്നറിഞ്ഞുകൂടാ എന്ന് പറഞ്ഞു കുർബ്ബാന അവസാനിപ്പിക്കുന്നവരെ ഇനി ഒരു ബലിയർപ്പിക്കുവാൻ നിങ്ങൾ പോകരുതെ.

യേശു ഒരു പുരോഹിതനും പാപമോചന അധികാരം കൊടുത്തിട്ടില്ല. യേശുവിന്റെ ശിഷ്യന്മാരായ പത്രോസും യോഹന്നാനും മറ്റും ഒരിക്കലും പുരോഹിതവേഷം കെട്ടി പാപമോചനബലി യർപ്പിച്ചിട്ടില്ല. കുമ്പസാരത്തിലൂടെ പാപം മോചിക്കപ്പെടാതിരിക്കുന്നതുകൊണ്ടല്ലെ പുരോഹിതൻ പാപമോചനത്തിനായി വീണ്ടും ഒരു പരിശുദ്ധകുർബ്ബാന നടത്തുന്നത്.

ഞാനാണ് വാതിൽ എന്നും (യോഹ.10:1) ഞാനാണ് മുന്തിരിച്ചെടി എന്നും ഞാനാണ് ജീവന്റെ അപ്പമെന്നും (യോഹ.6:35) പറഞ്ഞത് സാദൃശ്യമായിട്ടാണ്. ദൈവത്തെ ആരാധിക്കേണ്ടത് ഇത്തരം പ്രതീകങ്ങൾ നോക്കിക്കൊണ്ടല്ല. **ആത്മാവിലും സത്യത്തിലുമാണ് ദൈവത്തെ ആരാധിക്കേണ്ടത്** (യോഹ.4:24) ●




എന്റെ പേര് സന്ധ്യ. ഞാൻ കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് എന്ന സ്ഥലത്ത് താമസിക്കുന്നു. ഇന്നും ജീവിക്കുന്ന കർത്താവായ യേശു, എനിക്ക് മാരകമായ രോഗത്തിൽ നിന്നും വലിയ വിടുതൽ തന്നത് ഞാനിവിടെ ആത്മാഭിഷേകം വായനക്കാരോട് പങ്കുവയ്ക്കട്ടെ. എനിക്ക് 8 മാസമായി മോണവീക്കവും മോണയിൽ കുമിളകൾ പോലെ വരുകയും ചെയ്യുമായിരുന്നു. കാസർഗോഡുള്ള ഒരു പ്രമുഖ ഡോക്ടറെ കാണിച്ചപ്പോൾ ബയോപ്സി ചെയ്യാൻ പറഞ്ഞു. എന്നാൽ ദേവസ്യാമുല്ലക്കരസാറിലൂടെ ദൈവത്തിന്റെ ആത്മാവ് അനേകർക്ക് സൗഖ്യവും വിടുതലും കൊടുക്കുന്നത് ഏറെ വർഷങ്ങളായി അറിയാവുന്നതുകൊണ്ട് അദ്ദേഹത്തെ കാണുവാൻതന്നെ ഞങ്ങൾ തീരുമാനിച്ചു. അങ്ങനെയാണ് രണ്ടുമാസങ്ങൾക്കു മുമ്പ് തലശ്ശേരിയിൽ വച്ചു നടന്ന പ്രാർത്ഥനയിൽ പങ്കെടുക്കുവാനും സാറിനെകൊണ്ട് പ്രാർത്ഥിപ്പിക്കാനും ഇടയായത്. പ്രാർത്ഥനയ്ക്കുശേഷം സാർ പറഞ്ഞു, ഇത് ക്യാൻസറിന്റെ തുടക്കമായിരുന്നു. പക്ഷെ കർത്താവ് നിന്നെ സുഖപ്പെടുത്തിയിരിക്കുന്നു. അതിനുശേഷം ഇപ്പോൾ വായിൽ യാതൊരു പ്രശ്നങ്ങളുമില്ല. ഞങ്ങൾ പാരമ്പര്യമത വിശ്വാസികൾ ആയിരുന്നു. ഇപ്പോൾ ഞങ്ങൾ വചനപ്രകാരം സ്നാനവുമേറ്റ് കർത്താവിൽ വിശ്വസിച്ച് അവിടുത്തെ ആത്മാവിലും സത്യത്തിലും ആരാധിക്കുന്നു. കർത്താവിനെ ഞങ്ങൾ സ്തുതിക്കുന്നു. സന്ധ്യ. കാഞ്ഞാങ്ങാട്. Ph:9745221043

# വാർത്തകൾ NEWS

**പ്രവചനപൂർത്തീകരണം**

ഇസ്രയേൽ: യെരുശലേം ദൈവാലയം പണിയുവാൻ യിസ്രയേൽ UN-ൽ ആപ്ലിക്കേഷൻ കൊടുത്തു. ഉടൻ തന്നെ പണിയുവാനുള്ള അനുമതിയും ലഭിക്കും. ന്യായപ്രമാണ പ്രകാരം ഊനമില്ലാത്ത നുകം വെയ്ക്കാത്തതുമായ ചുവന്ന പശുക്കിടാവിനെ ചുട്ടുകരിച്ച ഭസ്മം കൊണ്ടു വേണം ദൈവാലയത്തിന്റെ ശുദ്ധീകരണം ചെയ്യുവാൻ. കഴിഞ്ഞ 2015 വർഷങ്ങളായി യഹൂദന്മാർ അത്തരമൊരു പശുക്കിടാവിനെ അന്വേഷിച്ചു നടന്നു. പക്ഷെ കണ്ടെത്തിയില്ല. ചുവപ്പല്ലാത്ത വേറൊരു രോമം പോലും പാടില്ല. എന്നാൽ അത്തരമൊന്നിനെ അവർക്ക് ഇപ്പോൾ ലഭിച്ചു. അതിൽ നിന്ന് വേറെ 70 എണ്ണത്തിനെ അവരിപ്പോൾ സൃഷ്ടിച്ചു. ദൈവാലയനിർമ്മാണത്തിന് ആവശ്യമായി ഇന്ത്യയിൽ നിന്ന് ടൺ കണക്കിന് കുന്തിരുക്കം അവർ ഇറക്കുമതി ചെയ്തു കഴിഞ്ഞു. യിസ്രയേൽ ഒരുങ്ങിക്കഴിഞ്ഞു. യിസ്രയേൽ തെരുവീഥികൾ മുഴുവൻ ആഹ്ലാദതിമിർപ്പിലായിക്കഴിഞ്ഞു. അവർ ദൈവാലയം പണിയാൻ തുടക്കമിട്ടു കഴിഞ്ഞു. അങ്ങനെ വിശുദ്ധ ബൈബിളിലെ പ്രധാന വചനം നിവർത്തിക്കപ്പെടാൻ പോകുന്നു. പരിശുദ്ധ സഭ ഏതു നിമിഷവും ഈലോകത്തു നിന്ന് മാറ്റപ്പെടാം. അന്തിക്രിസ്തുവിന്റെ ഭരണത്തിന്റെ മുന്നോടിയായിട്ടാണ് ഇന്നു നാം കാണുന്ന സിറിയ, ഇറാഖ്, IS കൂട്ടക്കൊലകളും, മ്ലേച്ഛത നിറഞ്ഞ ലൈംഗീകവാർത്തകളും, സ്വവർഗ്ഗവും, ആഭാസവും, യുദ്ധവും, യുദ്ധശ്രുതികളുമെല്ലാം ഈ ലോകത്ത് അരങ്ങേറിക്കൊണ്ടിരിക്കുന്നത്. കർത്താവിന്റെ വരവിന് മുന്നോടിയായി ഇതെല്ലാം സംഭവിക്കും. എന്ന് വിശുദ്ധ ബൈബിൾ നൂറ്റാണ്ടുകൾക്കു മുമ്പെ പറഞ്ഞു. അതെല്ലാം ഇപ്പോൾ നിവർത്തിയാക്കപ്പെടുന്നു. മാററമില്ലാത്ത ദൈവത്തിന്റെ ജീവനുള്ള വചനം. യേശുക്രിസ്തുവിന്റെ വരവ് ഏറ്റവുമടുത്തിരിക്കുന്നു. ഒരുങ്ങിയിരിപ്പിൻ.

കടപ്പാട്: www.facebook.com


**ആത്മാഭിഷേകം പ്രോഗ്രാം ഹാർവെസ്റ്റ് ടിവിയിലും പവ്വർവിഷനിലും**

HARVEST tv
24X7 CHRISTIAN CHANNEL
ഹാർവെസ്റ്റ് ടിവി
എല്ലാ ആഴ്ചകളിലും
വ്യാഴം , വെള്ളി, ശനി (3 days )
സമയം 8 pm മുതൽ 8.30 pm വരെ

POWER VISION
പവ്വർവിഷൻ ടിവി
എല്ലാ ആഴ്ചകളിലും
ഞായർ മുതൽ ബുധൻ വരെ (4 days)
സമയം: 10 pm മുതൽ 10.30 pm വരെ

divinefire.tv
24x7 web TV
DIVINE FIRE
ഡിവൈൻഫയർ
ഇന്റർനെറ്റിലൂടെ
അനുദിനശുശ്രൂഷകൾ
എല്ലാദിവസവും
24 മണിക്കൂറും
സന്ദർശിക്കുക divinefire.tv


## STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT MONTHLYMAGAZINE ATHMABHISHEKAM

1. Place of Publication : Kamballur
2. Periodicity of the Publication : Monthly
3. Printer's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O., Cherupuzha 670511
4. Publisher's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O Cherupuzha 670511
5. Editor's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O., Cherupuzha 670511

I Devasia Mullakkara hereby declare that the particulars given above are true to the best of my knowledge and belief.

Sd/
Devasia Mullakkara

# ആത്മാഭിഷേകം ടീമിന്റെ ശുശ്രൂഷകൾ

2015 September -October

| | | |
|---|---|---|
| സെപ്റ്റംബർ | 7-18 | വയനാട് ജില്ലയിൽ ഭവനസന്ദർശനവും കൺവെൻഷനുകളും. |
| | | Ph: **9446952562, 9495326295, 9747757609, 9446648411** |
| സെപ്റ്റംബർ | 19 | ഏകദിനകൺവൻഷൻ. പനമരം. വിജയകോളേജ്, ***Time:10am to 3pm*** |
| സെപ്റ്റംബർ | 20 | കൺവെൻഷൻ. കോഴിക്കോട് വ്യാപാരഭവൻ . |
| | | നയിക്കുന്നത് ദേവസ്യാ മുല്ലക്കരസാർ (കുരിശുപള്ളിക്ക് സമീപം). |
| | | Ph:**9961854203, *Time:10am to 3pm*** |
| സെപ്റ്റംബർ | 21 | കോഴിക്കോട് ഭവനസന്ദർശനം |
| സെപ്റ്റംബർ | 22 | മുക്കം ഭവനസന്ദർശനം |
| സെപ്റ്റംബർ | 23 | താമരശ്ശേരി ഭവനസന്ദർശനം |
| സെപ്റ്റംബർ | 24 | കൺവെൻഷൻ. തിരുവമ്പാടി. പൈനാടത്ത് ലിറ്റിൽ ഫ്ളവർ ഓഡിറ്റോറിയം. |
| | | Ph:**9961854203 *Time:10am to 3pm*** |
| | | നയിക്കുന്നത് ദേവസ്യാ മുല്ലക്കരസാർ |
| സെപ്റ്റംബർ | 27 | കൺവെൻഷൻ. പേരാമ്പ്ര. ഹോട്ടൽ സൂര്യാ ഓഡിറ്റോറിയം. പൈതോത്ത് |
| | | റോഡ്. Ph:**9048222384 *Time:10am to 3pm*** |
| | | നയിക്കുന്നത് ദേവസ്യാ മുല്ലക്കരസാർ |
| ഒക്ടോബർ | 1-3 | കൺവൻഷനും തിരുവല്ല പുതിയ ചർച്ച് ഹാൾ ഉത്ഘാടനവും |
| | | Ph:**9446745148 *Time:10am to 3pm*** |
| ഒക്ടോബർ | 4 | എറണാകുളം ടൗൺഹാൾ. ഏകദിന കൺവെൻഷൻ. ***Time:10am to 3pm*** |
| | | (നോർത്ത് റെയിൽവെ പാലത്തിനു സമീപം) |
| | | Ph:**9388487301, 9745971555, 9947217398** |
| ഒക്ടോബർ | 6-9 | ദുബൈ. |
| ഒക്ടോബർ | 12-17 | ബഹ്റിൻ |
| ഒക്ടോബർ | 18 | കൺവെൻഷൻ. കോഴിക്കോട് വ്യാപാരഭവൻ നയിക്കുന്നത് |
| | | ദേവസ്യാ മുല്ലക്കരസാർ (കുരിശുപള്ളിക്ക് സമീപം). Ph:9961854203 ***Time:10am to 3pm*** |
| ഒക്ടോബർ | 19 - 22 | അടൂർ, പത്തനാപുരം, പുനലൂർ ഭവനസന്ദർശനം |
| ഒക്ടോബർ | 23 | ഏകദിനകൺവെൻഷൻ. അടൂർ. YMCA ഓഡിറ്റോറിയം.Ph:9539769595. ***Time:10am to 3pm*** |
| ഒക്ടോബർ | 24 | ഏകദിന കൺവെൻഷൻ. പുനലൂർ. എം. ജെ. എസ്. ടൂറിസ്റ്റ് ഹോം. |
| | | (opp.Market). Ph:9447248425. ***Time:10am to 3pm*** |
| ഒക്ടോബർ | 25 | ഏകദിനകൺവെൻഷൻ. കൂടൽ, പത്തനാപുരം. ശ്രുതി ഓഡിറ്റോറിയം. |
| | | opp.കൂടൽ പോലീസ് സ്റ്റേഷൻ. PH:9037705419. ***Time:10am to 3pm*** |
| ഒക്ടോബർ | 26 | കൺവെൻഷൻ. തലയോലപ്പറമ്പ്. K.R ഓഡിറ്റോറിയം.Ph:9447370460.***Time:10am to 3pm*** |
| ഒക്ടോബർ | 27 | കൺവെൻഷൻ. കൂത്താട്ടുകുളം. PH:9400931331. ***Time:10am to 3pm*** |
| ഒക്ടോബർ | 29,30 | ഭവനസന്ദർശനം. ഏറ്റുമാനൂർ. |
| ഒക്ടോബർ | 31 | കൺവെൻഷൻ. ഏറ്റുമാനൂർ. PH:9947260420. ***Time:10am to 3pm*** |

ATHMABHISHEKAM MONTHLY
2015 SEPTEMBER
RNI No. KER/ MAL/03/12060 - KL/ KNR /41/13 -15
Rs.20.00
Licence No. KL/PMG/NR/WPP/1-2/KNR/2013-2015
License to post without prepayment
Published on 17th September 2015



# Apostle Devasia Mullakkara

*in*

## DUBAI & BAHRAIN

**2015 OCTOBER 5-10**
**DUBAI**
PERSONAL PRAYER & COUNSELLING
**PH : 0971503631158**

**2015 OCTOBER 12-17**
**BAHRAIN**
PERSONAL PRAYER & COUNSELLING
**PH :00973 3235 5290**

2015 ആഗസ്റ്റ് 31-ന് എറണാകുളം ജില്ലയിൽ, **പിറവം, പാരിഷ് ഹാളിൽ**
ദേവസ്യാ മുല്ലക്കരസാറിനാൽ ആശിർവ്വദിക്കപ്പെട്ട വിവാഹത്തിന്...

ആത്മാഭിഷേകം
മീഡിയാ മിനിസ്ട്രിയുടേയും
ചർച്ച് ഓഫ് ഇറ്റേണിറ്റിയുടെയും
പ്രാർത്ഥനാ മംഗളാശംസകൾ



SHIJO
Church of Eternity
Piravam

ANJU
D/o Pr. Poulose
Church of Eternity
Ankamaly

On Monday 2015 August 31st

Printed, Edited and Published by Sri. Devasia Mullakara, On behalf of Athmabhishekam.
Printed at Geethanjali Prints Kozhikode and Published from Kamballur, Cherupuzha (via) Pin - 670 511, Kasaragod (Dt).